30
2021
നവംബർ
ചൊവ്വ
1197
വൃശ്ചികം 15

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 195 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-195 പേജ് 4. വില 2.00 രൂപ

02 ഹോമിയോ സേവനങ്ങൾ വേഗത്തിൽ ലഭിക്കാൻ മൊബൈൽ ആപ്പ്

03 കോവാക്സിൻ 50 ശതമാനം മാത്രം ഫലപ്രാപ്തി

04 ഗാനഗന്ധർവനെ അദ്ഭുതപ്പെടുത്തിയ ബിച്ചു

# ആർബിഐയുടെ ഡിജിറ്റൽ കറൻസി വരുന്നു



ന്യൂഡൽഹി: രാജ്യത്ത് റിസർവ് ബാങ്കിൻറെ 'സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി' (സിബിഡിസി) പ്രാബല്യത്തിൽ കൊണ്ടുവരുന്നത് പരിഗണനയിലെന്ന് കേന്ദ്ര ധനമന്ത്രാലയം. കോൺഗ്രസ് നേതാവും ലോകസഭാംഗവുമായ അഡ്വക്കേറ്റ് അടൂർ പ്രകാശ് എംപിയുടെ ചോദ്യങ്ങൾക്കുള്ള മറുപടിയിലാണ് കേന്ദ്ര ധനവകുപ്പ് സഹമന്ത്രി പങ്കജ് ചൗധരി ഇക്കാര്യം വ്യക്തമാക്കിയത്.

ഡിജിറ്റൽ കറൻസികൾ പ്രാബല്യത്തിൽ വരുന്നതോടെ ആളുകൾ കറൻസി നോട്ടുകളെ ആശ്രയിക്കുന്നത് കുറയും. ഒപ്പം പണമിടപാടുകളുടെ വിനിമയ ചെലവ് കുറയുകയും പണമിടപാടുകൾ കൂടുതൽ കരുത്തുറ്റതാകുകയും ചെയ്യുമെന്ന് പങ്കജ് ചൗധരി മറുപടി നൽകി.

നിലവിലുള്ള കറൻസിയുടെ ഡിജിറ്റൽ രൂപമായ സിബിഡിസിയെ ബാങ്ക് നോട്ടുകളായി പരിഗണിക്കാൻ റിസർവ് ബാങ്ക് കഴിഞ്ഞ ഒക്ടോബറിൽ അപേക്ഷ സമർപ്പിച്ചിരുന്നു. വെർച്ച്വൽ കറൻസികൾ ഇറക്കുന്നതിനുള്ള നടപടികൾ റിസർവ് ബാങ്കിൻറെ നേതൃത്വത്തിൽ ആരംഭിച്ചതായി റിസർവ് ബാങ്ക് ഗവർണർ ശക്തി കാന്ത ദാസ് പറഞ്ഞിരുന്നു.

ഡിജിറ്റൽ കറൻസിയുടെ ആദ്യ ഘട്ട ടെസ്റ്റിംഗ് പ്രോഗ്രാം ഡിസംബറിൽ ആരംഭിക്കും. ഇതിൻറെ ഭാഗമായാണ് ബാങ്ക് നോട്ടുകളുടെ നിർവചനത്തിൽ ഡിജിറ്റൽ കറൻസികളെയും ഉൾപെടുത്തണമെന്ന ആവശ്യം റിസർവ് ബാങ്ക് മുന്നോട്ടു വയ്ക്കുന്നത്.

സ്വകാര്യ ക്രിപ്റ്റോ കറൻസി ഇടപാടുകൾ നിയന്ത്രിക്കുന്നതിനായി റിസർവ് ബാങ്കിൻറെയും ധനമന്ത്രാലയത്തിൻറെയും സെക്യൂരിറ്റി ആൻഡ് എക്സ്ചേഞ്ചസ് ബോർഡിൻറെയും ഉദ്യോഗസ്ഥർ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഈ മാസം ആദ്യം ഉന്നതതല യോഗം ചേർന്നിരുന്നു.

# കോവിഡ് പ്രതിസന്ധിയിലും സിനിമാരംഗം വ്യാപൃതമായതു പ്രത്യാശപകരുന്നു: മുഖ്യമന്ത്രി



കോവിഡ് മഹാമാരി പ്രതിസന്ധി സൃഷ്ടിച്ച നാളുകളിലും സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ സിനിമാ മേഖലയിലുള്ളവർ വ്യാപൃതരായിരുന്നുവെന്നതു പ്രത്യാശ പകരുന്ന കാര്യമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ 51ാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ സമർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോവിഡ് മഹാമാരി സിനിമ മേഖലയെ പ്രതിസന്ധിയിലാക്കിയ 2020ൽ 100 സിനിമകൾ സെൻസർ ചെയ്യപ്പെട്ടുവെന്നതു ശ്രദ്ധേയമാണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇതിൽ 80 എണ്ണം ചലച്ചിത്ര പുരസ്കാരത്തിനു സമർപ്പിക്കപ്പെട്ടു. ഇവയിൽനിന്നു പുരസ്കാരത്തിനു തെരഞ്ഞെടുക്കപ്പെട്ട ചിത്രങ്ങൾ കേരളീയ സമൂഹത്തിന്റെ പുരോഗമനപരമായ പ്രയാണത്തിന് സാംസ്കാരിക ഊർജം പകരുന്നവയാണ്. മികച്ച ചിത്രങ്ങൾക്കുള്ള പുരസ്കാരം നേടിയവ സ്ത്രീപക്ഷ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്നുവെന്നതും ശ്രദ്ധേയമാണ്. ചിത്രീകരണം പുനരാരംഭിക്കുകയും തിയേറ്ററുകൾ വീണ്ടും സജീവമാകുകയും ചെയ്ത സാഹചര്യത്തിൽ മലയാള സിനിമയുടെ ശോഭനമായ ഭാവിയെക്കുറിച്ചു ശുഭ സൂചനകളാണു പുരസ്കാരങ്ങൾക്കു തെരഞ്ഞെടുക്കപ്പെട്ടവർ നൽകുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രതിസന്ധിയിലായ സിനിമ വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനുള്ള ശക്തമായ ഇടപെടലുകൾ സർക്കാർ കാര്യക്ഷമമായി നടപ്പാക്കുകയാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കിൻഫ്ര പാർക്കിൽ നിർമാണം നടക്കുന്ന സിനിമ മ്യൂസിയത്തിന്റെ ആദ്യ ഘട്ടം അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കും. ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ഷൂട്ടിങ് സെന്ററാക്കി കേരളത്തെ മാറ്റാനുള്ള നടപടികളും പുരോഗമിക്കുകയാണ്. സിനിമ രംഗത്തെ പരമോന്നത പുരസ്കാരമായ ജെ.സി. ഡാനിയേൽ പുരസ്കാരവും ടെലിവിഷൻ മേഖലയിൽ നൽകുന്ന ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരവും ഇത്തവണ പ്രത്യേകമായ ചടങ്ങിൽ നൽകുമെന്നും അദ്ദേഹം അറിയിച്ചു. ചലച്ചിത്ര പുരസ്കാരങ്ങൾ സംബന്ധിച്ചു ചലച്ചിത്ര അക്കാദമി പുറത്തിറക്കിയ പുസ്തകത്തിന്റെ പ്രകാശനം ചടങ്ങിൽ വ്യവസായ മന്ത്രി പി. രാജീവ് നിർവഹിച്ചു. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ആദ്യ പ്രതി ഏറ്റുവാങ്ങി. ഇന്റർനാഷണൽ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയുടെ ലോഗോ ചടങ്ങിൽ മന്ത്രി പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പ്രകാശം ചെയ്തു. കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി എൻ. കരുൺ ഏറ്റുവാങ്ങി. വി.കെ. പ്രശാന്ത് എം.എൽ.എ, ചലച്ചിത്ര വിഭാഗം ജൂറി ചെയർപേഴ്സൺ സുഹാസിനി മണിരത്നം, രചനാ വിഭാഗം ജൂറി ചെയർമാൻ ഡോ. പി.കെ. രാജശേഖരൻ, ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് എന്നിവർ പങ്കെടുത്തു.

മികച്ച നടനുള്ള പുരസ്കാരം ജയസൂര്യയും മികച്ച നടിക്കുള്ള പുരസ്കാരം അന്നബെന്നും മികച്ച സംവിധായകനുള്ള പുരസ്കാരം സിദ്ധാർഥ് ശിവയും ഏറ്റുവാങ്ങി. 35 വിഭാഗങ്ങളിലായി 48 പേർക്കാണു മുഖ്യമന്ത്രി പുരസ്കാരങ്ങൾ സമർപ്പിച്ചത്. ചടങ്ങിനു ശേഷം സംഗീത സംവിധായകൻ എം. ജയചന്ദ്രൻ അവതരിപ്പിച്ച സംഗീത വിരുന്നും അരങ്ങേറി.

# ബിറ്റ്കോയിൻ ഡിജിറ്റൽ കറൻസിയായി പരിഗണിക്കില്ലെന്ന് കേന്ദ്ര ധനമന്ത്രി

ന്യൂഡൽഹി: ബിറ്റ്കോയിൻ ഡിജിറ്റൽ കറൻസിയായി പരിഗണിക്കില്ലെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ബിറ്റ്കോയിൻ ഇടപാടുകൾ കേന്ദ്രസർക്കാരിൻറെ നിരീക്ഷണത്തിലോ മേൽനോട്ടത്തിലോ അല്ല. ഇടപാടുകളുടെ വിവരങ്ങൾ സർക്കാർ ശേഖരിക്കുന്നില്ലെന്നും കേന്ദ്ര ധനകാര്യ മന്ത്രി വ്യക്തമാക്കി.

ലോകത്തിലെ ആദ്യത്തേതും ഏറ്റവും പ്രചാരമേറിയതുമായ ക്രിപ്റ്റോ കറൻസിയാണ് ബിറ്റ്കോയിൻ. ഇന്ത്യയിൽ ക്രിപ്റ്റോ കറൻസി ഇടപാടുകൾക്ക് നിലവിൽ നിയമ പരിരക്ഷയില്ല. ഇതിനു പകരമായി രാജ്യത്തു കേന്ദ്ര ബാങ്കിൻറെ ഡിജിറ്റൽ കറൻസി പ്രാബല്യത്തിൽ കൊണ്ടുവരുന്ന കാര്യം പരിഗണനയിലാണെന്ന് ധന വകുപ്പ് സഹമന്ത്രി പങ്കജ് ചൗധരി പറഞ്ഞിരുന്നു.

# എളമരം കരിം, ബിനോയ് വിശ്വം ഉൾപ്പെടെ 12 രാജ്യസഭാ എംപിമാർക്ക് സസ്പെൻഷൻ

ന്യൂഡൽഹി: എളമരം കരിം, ബിനോയ് വിശ്വം ഉൾപ്പെടെ 12 രാജ്യസഭാ എംപിമാർക്ക് സസ്പെൻഷൻ. ഈ സമ്മേളനകാലത്തേക്കാണ് സസ്പെൻഷൻ നടപടിയെന്ന് രാജ്യസഭാ അധ്യക്ഷൻ വെങ്കയ്യ നായിഡു പറഞ്ഞു. വർഷകാല സമ്മേളനത്തിലെ സഭയിലെ പ്രതിഷേധത്തിൻറെ പേരിലാണ് നടപടിയെടുത്തത്.

പെഗാസസ് വിവാദം, വിവാദ കാർഷിക നിയമങ്ങൾ എന്നിവയ്ക്കെതിരേയായിരുന്നു എംപിമാരുടെ പ്രതിഷേധം.

എളമരം കരിം, ബിനോയ് വിശ്വം, ഫുലോ ദേവി നേതം, ഛായ വർമ , റിപുൺ ബോറ, രാജമണി പട്ടീൽ, ഡോല സെൻ, ശാന്ത ഛേത്രി, സയിദ് നാസിർ ഹുസൈൻ, പ്രിയങ്ക ചതുർവേദി, അനിൽ ദേശായ്, അഖിലേഷ് പ്രസാദ് സിംഗ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

# ഉപതെരഞ്ഞെടുപ്പ് ജയിച്ച് എൽഡിഎഫ്; ജോസ്.കെ.മാണി വീണ്ടും രാജ്യസഭയിലേക്ക്



തിരുവനന്തപുരം: രാജ്യസഭാ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥി കേരള കോൺഗ്രസ് എമ്മിലെ ജോസ്. കെ. മാണിക്ക് ജയം. 125 എംഎൽഎമാർ ഉപതെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി. ജോസ്.കെ.മാണിക്ക് 96 വോട്ട് ലഭിച്ചു. യുഡിഎഫ് സ്ഥാനാർഥി കോൺഗ്രസിൻറെ ശൂരനാട് രാജശേഖരന് 40 വോട്ട് ലഭിച്ചു.

എൽഡിഎഫിന് 99 നിയമസഭാംഗങ്ങൾ ഉണ്ടെങ്കിലും ടി.പി രാമകൃഷ്ണൻ, പി. മമ്മിക്കുട്ടി എന്നിവർ കോവിസ് ബാധിതരായതിനാൽ 97 പേർ മാത്രമേ വോട്ട് രേഖപ്പെടുത്തിയുള്ളൂ. എൽഡിഎഫിൻറെ ഒരു വോട്ട് അസാധുവാക്കി. ബാലറ്റ് പേപ്പറിൽ ഒന്ന് എന്ന് കൃത്യമായി രേഖപ്പെടുത്താത്തതിനെത്തുടർന്നാണിത്.

യുഡിഎഫിന് 41 എംഎൽഎമാരുടെ പിന്തുണയുണ്ടെങ്കിലും പി.ടി. തോമസ് ചികിത്സയിൽ കഴിയുന്നതിനാൽ വോട്ട് ചെയ്യാനെത്തിയില്ല. അതേസമയം, കോവിഡ് ബാധിതനായിരുന്ന മാണി.സി. കാപ്പൻ പിപിഇ കിറ്റ് ധരിച്ച് വൈകിട്ട് വോട്ടു ചെയ്യാനെത്തിയിരുന്നു. എൽഡിഎഫിന് സി.കെ. ഹരീന്ദ്രനും ഐ.ബി. സതീഷും യുഡിഎഫിന് അൻവർ സാദത്തും സജീവ് ജോസഫുമായിരുന്നു ഇൻഹൗസ് ഏജൻറുമാർ.

യുഡിഎഫ് പിന്തുണയോടെയാണ് 2018ൽ ജോസ് കെ. മാണി രാജ്യസഭയിലെത്തിയത്. കേരള കോൺഗ്രസ് എം യുഡിഎഫ് വിട്ട് ഇടതുമുന്നണിയുടെ ഭാഗമായതോടെ രാജ്യസഭാംഗത്വം രാജിവച്ചു. തുടർന്നാണ് ഉപതെരഞ്ഞെടുപ്പു വേണ്ടി വന്നത്. 2024 വരെയാണ് കാലാവധി

# ബംഗളൂരുവിലെത്തിയ ദക്ഷിണാഫ്രിക്കൻ പൗരന് ഒമിക്രോൺ, കേന്ദ്ര സഹായം തേടി കർണാടക

ബംഗളൂരു: കർണാടകയിൽ എത്തിയ ദക്ഷിണാഫ്രിക്കൻ സ്വദേശിക്ക് ബാധിച്ച കോവിഡ് വൈറസ് വകഭേദം സ്ഥിരീകരിക്കാൻ കഴിയാതെ കർണാടക. ഇതുവരെ രാജ്യത്ത് കാണാത്ത വകഭേദമാണെന്ന് കർണാടക ആരോഗ്യവകുപ്പ് അറിയിച്ചു. ഒമിക്രോൺ വകഭേദമാണോ എന്നതിൽ വ്യക്തത വരുത്തുന്നതിന് വേണ്ടി കർണാടക സർക്കാർ ഐസിഎംആറിൻറെ സഹായം തേടി.

നവംബർ ഒന്നു മുതൽ 26 വരെ ദക്ഷിണാഫ്രിക്കയിൽ നിന്നും എത്തിയ 94 പേരെ പരിശോധനയ്ക്കു വിധേയമാക്കിയപ്പോഴാണ് രണ്ട് പേർ കോവിഡ് പോസിറ്റീവായത്. ഇതിൽ ഒരാളെ ബാധിച്ചിരിക്കുന്നത് ഡെൽറ്റ വകഭേദമാണെന്ന് കണ്ടെത്തി. എന്നാൽ ഡെൽറ്റ വൈറസിൽ നിന്ന് വ്യത്യസ്തമായ വകഭേദമാണ് മറ്റേയാളെ ബാധിച്ചിരിക്കുന്നത്.

ഐസിഎംആറിൻറെ പരിശോധനയ്ക്ക് ശേഷമേ വൈറസ് വകഭേദത്തെക്കുറിച്ച് സ്ഥിരീകരണം നൽകാൻ കഴിയൂവെന്ന് കർണാടക അറിയിച്ചു. 63 കാരനുമായി സമ്പർക്കത്തിൽ വന്ന മുഴുവൻ പേരെയും പരിശോധിക്കുമെന്നും നിരീക്ഷണത്തിലാക്കുമെന്നും സർക്കാർ അറിയിച്ചു.

# കെ.എസ്.ആർ.ടി.സി തിരുവനന്തപുരം സിറ്റി സർക്കുലർ സർവീസ് മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്തു





തിരുവനന്തപുരം നഗരത്തിലെ ഗതാഗതം സമഗ്രമായി പരിഷ്കരിക്കുന്നതിനും യാത്രാ ക്ലേശം പരിഹരിക്കുന്നതിനും കെ.എസ്.ആർ.ടി.സി ആരംഭിച്ച സിറ്റി സർക്കുലർ സർവീസ് തിരുവനന്തപുരം സെൻട്രൽ ബസ് ടെർമിനലിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്തു. നഗരത്തിന്റെ എല്ലാ കോണുകളിലേക്കും സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കാതെ തന്നെ തിരക്കേറിയ സമയങ്ങളിൽ 10 മുതൽ 15 മിനിട്ട് വരെ ഇടവേളകളിൽ ഇരുദിശകളിലേക്കും സഞ്ചരിക്കാവുന്ന തരത്തിലാണ് 7 സർക്കുലർ റൂട്ടുകളിൽ ബസനകൾ സർവീസ് നടത്തുന്നത്. എല്ലാ മേഖലകളേയും സ്പർശിക്കുന്ന സമയബന്ധിതമായ യാത്രാ ലക്ഷ്യം വച്ചാണ് സിറ്റി സർക്കുലർ സർവീസ് ആരംഭിച്ചതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത മന്ത്രി ആന്റണി രാജു പറഞ്ഞു. കെ.എസ്.ആർ.ടി.സിയിൽ നടത്താനുദ്ദേശിക്കുന്ന വലിയ പരിഷ്കാരങ്ങളുടെ ആദ്യ ഘട്ടമാണ് സർക്കുലർ സർവീസുകളെന്നും രണ്ടാം ഘട്ടമായി തിരുവനന്തപുരം ജില്ലയുടെ ഗ്രാമപ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സർവീസുകൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രത്യേക സർവീസുകളും മൂന്നാം ഘട്ടമായി നടപ്പാക്കും. കെ.എസ്.ആർ.ടി.സിയുടെ ശമ്പള പരിഷ്ക്കരണം ഡിസംബറിൽ ഉണ്ടാകുമെന്നും സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സിയിൽ നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ സർക്കുലർ സർവീസിന്റെ ഗുഡ് ഡേ ടിക്കറ്റും ഗൈഡ് ബുക്ക് പ്രകാശനവും നടത്തി. കെ.എസ്.ആർ.ടി.സി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബിജു പ്രഭാകർ സ്വാഗതം പറഞ്ഞു. യൂണിയൻ നേതാക്കളായ സി.കെ. ഹരികൃഷ്ണൻ, കെ.എൽ. രാജേഷ്, എക്സിക്യൂട്ടീവ് ഡയറക്ടർ ഓപ്പറേഷൻസ് ജി.പി. പ്രദീപ് കുമാർ എന്നിവർ സംസാരിച്ചു. സിറ്റി സർക്കുലർ സർവീസുകളിലെ ഏതു ബസിലും ടിക്കറ്റെടുത്ത സമയം മുതൽ 24 മണിക്കൂർ ദൂരപരിധിയില്ലാതെ ഒറ്റ ടിക്കറ്റിൽ യാത്ര ചെയ്യാനുള്ള സൗകര്യം കെ.എസ്.ആർ.ടി.സി ഒരുക്കിയിട്ടുണ്ട്. ഗുഡ് ഡേ ടിക്കറ്റ് എന്ന പേരിലുള്ള ഈ യാത്രാ പദ്ധതിക്ക് പ്രാരംഭ ഓഫറായി 150 രൂപയുടെ ടിക്കറ്റ് 66 ശതമാനം ഡിസ്കൗണ്ടിൽ 50 രൂപക്ക് യാത്രാക്കാർക്ക് ലഭിക്കും. പദ്ധതിയുടെ ഭാഗമായി യാത്രക്കാർക്കുള്ള പ്രീ പെയ്ഡ് ഡിജിറ്റൽ സ്മാർട്ട് കാർഡ് വിതരണം കെ.എസ്.ആർ.ടി.സി ഡിസംബർ 15ന് ആരംഭിക്കും. സർക്കുലർ സർവീസുകൾക്കായി 90 ബസുകളാണ് നിലവിലുള്ളത്. തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്ന് 54 സർവീസുകളും പേരൂർക്കട ഡിപ്പോയിൽ നിന്ന് 36 സർവീസുകളുമാണ് നിലവിലുള്ളത്.

# ചെന്നൈയിൽ കനത്ത മഴ; വെള്ളക്കെട്ട്

ചെന്നൈ: തമിഴ്നാട്ടിൽ ചെന്നൈയിലും തീരദേശ ജില്ലകളിലും കനത്തമഴ തുടരുന്നു. നവംബറിൽ ചെന്നൈയിൽ ലഭിച്ചത് 100 സെൻറീമീറ്ററിലധികം മഴയെന്ന് കണക്കുകൾ. മൺസൂണിൽ സാധാരണഗതിയിൽ 87 സെൻറീമീറ്റർ മാത്രമാണ് നഗരത്തിൽ മഴ ലഭിക്കാറുള്ളത്. നൂറുവർഷത്തിനിടെ മൂന്നുതവണ മാത്രമാണ് 100 സെന്റിമീറ്ററിലധികം ചെന്നൈയിൽ മഴ ലഭിച്ചിട്ടുള്ളത്.

ദുരിതാശ്വാസ ക്യാമ്പുകളിലായി പതിനായിരത്തോളം ആളുകളെയാണ് ചെന്നൈ നഗരത്തിലുടനീളം മാറ്റി പാർപ്പിച്ചിരിക്കുന്നത്.

# ഇന്ത്യൻ വംശജൻ പരാഗ് അഗർവാൾ ട്വിറ്റർ സിഇഒ

ന്യൂയോർക്ക്: ടിറ്റർ സഹസ്ഥാപകൻ ജാക്ക് ഡോർസി കമ്പനിയിൽ നിന്ന് രാജിവച്ചു. കമ്പനി സിഇഒ സ്ഥാനവും ബോർഡ് ചെയർമാൻ സ്ഥാനവും ഒഴിഞ്ഞതായി 45കാരനായ ജാക്ക് ടിറ്റ് ചെയ്തു. ഇന്ത്യൻ വംശജനായ പരാഗ് അഗർവാൾ പുതിയ സിഇഒ ആകും. ബ്രെറ്റ് ടെയ്ലർ കമ്പനിയുടെ ബോർഡ് ചെയർമാനാകും.

2011ൽ ടിറ്ററിലെത്തിയ അഗർവാൾ 2017 ഒക്ടോബർ മുതൽ കമ്പനിയുടെ ചീഫ് ടെക്നിക്കൽ ഓഫീസറാണ്. പുതിയ വെല്ലുവിളികളുടെ കാലത്ത് ടിറ്ററിനെ നയിക്കാൻ പരാഗ് അനുയോജ്യനാണെന്നും പരാഗിൽ വിശ്വാസമുണ്ടെന്നും ജാക്ക് !ഡോർസി തൻറെ വിടവാങ്ങൽ കത്തിൽ പറയുന്നു. ടിറ്റർ അതിൻറെ സ്ഥാപകരുടെ സ്വാധീനത്തിൽ നിന്ന് പൂർണമായും പുറത്ത് കടക്കാൻ തയാറാണെന്ന് ജാക്ക് വിശദീകരിച്ചു. 2022ൽ അംഗത്വ കാലാവധി അവസാനിക്കുന്നത് വരെ ജാക്ക് ബോർഡിൽ തുടരുമെന്നാണ് അറിയിപ്പ്.



എൻ.സി.സി ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കൂട്ടയോട്ടം മന്ത്രി വി.ശിവൻകുട്ടി ഫ്ലാഗ് ഓഫ് ചെയ്യുന്നു

# രണ്ടാമത്തെ ഡോസ് കൃത്യസമയത്ത് നൽകുന്നുണ്ടെന്ന് ഉറപ്പാക്കണം : പ്രധാനമന്ത്രി

പൊതുജനാരോഗ്യ തയാറെടുപ്പുകളെക്കുറിച്ചും കോവിഡ് 19ലെ വാക്സിനേഷനുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ അവലോകനം ചെയ്യുന്നതിനും പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ന് രാവിലെ ഏകദേശം 2 മണിക്കൂർ നീണ്ടുനിന്ന ഒരു സമഗ്ര യോഗം ചേർന്നു.

കോവിഡ്19 രോഗബാധയുടെയും കേസുകളുടെയും ആഗോളതലത്തിലുള്ള പ്രവണതകളെക്കുറിച്ച് പ്രധാനമന്ത്രിയെ ധരിപ്പിച്ചു. മഹാമാരിയുടെ തുടക്കം മുതൽ ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ ഒന്നിലധികം കോവിഡ് 19 കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ എടുത്തുപറഞ്ഞു. കോവിഡ് 19 കേസുകളുമായി ബന്ധപ്പെട്ട ദേശീയ സാഹചര്യവും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കുകളും പ്രധാനമന്ത്രി അവലോകനം ചെയ്തു.

വാക്സിനേഷനിലെ പുരോഗതിയെക്കുറിച്ചും "ഹർ ഘർ ദസ്തക്" സംഘടിതപ്രയത്നത്തിന് കീഴിൽ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും പ്രധാനമന്ത്രിയെ ധരിപ്പിച്ചു.

രണ്ടാം ഡോസ് നൽകുന്നത് വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും ആദ്യ ഡോസ് ലഭിച്ചവർക്കെല്ലാം യഥാസമയം രണ്ടാം ഡോസ് നൽകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസ്ഥാനങ്ങൾ ബോധവത്കരിക്കേണ്ടതുണ്ടെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു. രാജ്യത്തെ കാലാകാലങ്ങളിലെ സെറോ പോസിറ്റിവിറ്റിയെക്കുറിച്ചും പൊതുജനാരോഗ്യ പ്രതിരോധത്തിൽ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുമുള്ള വിശദാംശങ്ങളും പ്രധാനമന്ത്രിക്ക് നൽകി.

ആശങ്കയ്ക്ക് വഴിവച്ചിരിക്കുന്ന 'ഒമിക്രോൺ' എന്ന പുതിയ വകഭേദത്തെകുറിച്ചും അതിന്റെ സവിശേഷതകളും വിവിധ രാജ്യങ്ങളിൽ കാണുന്ന സ്വാധീനത്തോടൊപ്പം ഉദ്യോഗസ്ഥർ പ്രധാനമന്ത്രിയോട് വിശദീകരിച്ചു. അത് ഇന്ത്യയിലുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളും ചർച്ച ചെയ്തു.

പുതിയ വകഭേദത്തിന്റെ പശ്ചാത്തലത്തിൽ സജീവമാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രധാനമന്ത്രി സംസാരിച്ചു. പുതിയ ഭീഷണിയുടെ വെളിച്ചത്തിൽ, ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കേണ്ടതിന്റെയും മുഖാവരണം ധരിക്കുന്നതും സാമൂഹിക അകലം പാലിക്കുന്നതും പോലുള്ള ശരിയായ മുൻകരുതലുകൾ എടുക്കേണ്ടതിന്റെ ആവശ്യകതയും പ്രധാനമന്ത്രി പറഞ്ഞു.

അപകടസാദ്ധ്യതയുള്ള രാജ്യങ്ങൾ എന്ന് തിരിച്ചറിഞ്ഞിട്ടുള്ള രാജ്യങ്ങളിൽ പ്രത്യേക ശ്രദ്ധനൽകികൊണ്ട് മറ്റുരാജ്യങ്ങളിൽ നിന്ന് വരുന്നവരെയെല്ലാം നീരീക്ഷണണമെന്നും മാർഗ്ഗനിർദ്ദേശപ്രകാരമുള്ള പരിശോധനകൾ നടത്തേണ്ടതിന്റെയും ആവശ്യകതകളെക്കുറിച്ച് പ്രധാനമന്ത്രി പ്രത്യേകം പറഞ്ഞു.

ഉയർന്നുവരുന്ന പുതിയ തെളിവുകളുടെ വെളിച്ചത്തിൽ അന്താരാഷ്ട്ര യാത്രാ നിയന്ത്രണങ്ങൾ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ അവലോകനം ചെയ്യാനും പ്രധാനമന്ത്രി ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

രാജ്യത്തെ ക്രമപ്പെടുത്തൽ ശ്രമങ്ങളെക്കുറിച്ചും രാജ്യത്ത് പ്രചരിക്കുന്ന വകഭേദങ്ങളെക്കുറിച്ചും പ്രധാനമന്ത്രിക്ക് ഒരു പൊതു അവലോകനം നൽകി. അന്താരാഷ്ട്ര സഞ്ചാരികളിൽ നിന്നും സമൂഹത്തിൽ നിന്നും മാനദണ്ഡങ്ങൾക്കനുസൃതമായി ജീനോം സീക്വൻസിങ് സാമ്പിളുകൾ ശേഖരിക്കാനും ഐ.എൻ.എസ്.എ.സി.ഒ.ജിക്ക് കീഴിൽ ഇതിനകം സ്ഥാപിച്ചിട്ടുള്ള ലാബുകളുടെ ശൃംഖലയിലൂടെയും കോവിഡ്19 പരിപാലനത്തിനായി തിരിച്ചറിഞ്ഞിട്ടുള്ള മുൻകൂർ മുന്നറിയിപ്പ് സിഗ്നലിലൂടെയും പരിശോധിക്കാനും പ്രധാനമന്ത്രി നിർദ്ദേശിച്ചു. അനുക്രമ ശ്രമങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ഇത് കൂടുതൽ വിശദമായ അടിത്തറയിലാക്കുന്നതിനെക്കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു.

സംസ്ഥാന ജില്ലാ തലങ്ങളിൽ കൃത്യമായ ബോധവൽക്കരണം നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവർത്തിക്കാനും അദ്ദേഹം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഉയർന്നനിരക്കിൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സ്റ്ററുകളിൽ തീവ്രമായ നിയന്ത്രണവും സജീവ നിരീക്ഷണവും തുടരണമെന്നും നിലവിൽ ഉയർന്ന കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സംസ്ഥാനങ്ങൾക്ക് ആവശ്യമായ സാങ്കേതിക പിന്തുണ നൽകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. വൈറസിന്റെ വെന്റിലേഷനെക്കുറിച്ചും വായുവിലൂടെ പകരുന്ന സ്വഭാവത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കേണ്ടതുണ്ടെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു.

പുതിയ ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങളോട് സുഗമമായ സമീപനമാണ് തങ്ങൾ പിന്തുടരുന്നതെന്ന് ഉദ്യോഗസ്ഥർ പ്രധാനമന്ത്രിയെ അറിയിച്ചു. വിവിധ മരുന്നുകളുടെ മതിയായ കരുതൽശേഖരം ഉണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങളുമായി ഏകോപിനം നടത്തുന്നതിന് പ്രധാനമന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

പീഡിയാട്രിക് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മെഡിക്കൽ പശ്ചാത്തലസൗകര്യങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാൻ സംസ്ഥാനങ്ങളുമായി യോജിച്ച് പ്രവർത്തിക്കാൻ അദ്ദേഹം ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

പി.എസ്.എ ഓക്സിജൻ പ്ലാന്റുകളുടെയും വെന്റിലേറ്ററുകളുടെയും പ്രവർത്തനം ശരിയായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങളുമായി ഏകോപിച്ച് പ്രവർത്തിക്കാൻ പ്രധാനമന്ത്രി ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

കാബിനറ്റ് സെക്രട്ടറി ശ്രീ രാജീവ് ഗൗബ, നിതി ആയോഗ് അംഗം (ആരോഗ്യം) ഡോ: വി.കെ. പോൾ, ആഭ്യന്തരവകുപ്പ് സെക്രട്ടറി ശ്രീ എ.കെ. ഭല്ല, സെക്രട്ടറി (എം.ഒ.എച്ച്.എഫ്.ഡബ്ല്യു) സെക്രട്ടറി (ഫാർമസ്യൂട്ടിക്കൽസ്) ശ്രീ രാജേഷ് ഭൂഷൺ, സെക്രട്ടറി (ബയോടെക്നോളജി) ഡോ: രാജേഷ് ഗോഖ്ലേ, ഐ.സി.എം.ആർ, ഡി.ജി ഡോ: ബലറാംഭാർഗവ, സെക്രട്ടറി (ആയുഷ്) ശ്രീ വൈദ്യ രാജേഷ് കൊട്ടേച്ച, സെക്രട്ടറി (നഗരവികസനം) ശ്രീ ദുർഗ്ഗാ ശങ്കർ മിശ്ര, എൻ.എച്ച്.എ, സി.ഇ.ഒ ശ്രീ ആർ.എസ്. ശർമ്മ, പ്രൊഫ: കെ. വിജയരാഘവൻ (കേന്ദ്ര ഗവൺമെന്റിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവ്) എന്നിവർക്കൊപ്പം മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

# ദുരിതാശ്വാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കും: മന്ത്രി കെ. എൻ. ബാലഗോപാൽ

കൊല്ലം : മഴക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. ജില്ലാ വികസന സമിതി യോഗത്തിലാണ് നിർദ്ദേശം. തകർന്ന ഗ്രാമീണ റോഡുകൾ പുനർനിർമിച്ച് സഞ്ചാരയോഗ്യമാക്കുന്നതിൽ മുൻഗണന നൽകണം. തോടുകൾ, ആറുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുകയും ആഴംകൂട്ടുകയും സംരക്ഷണഭിത്തി നിർമിക്കുകയും വേണം. കോവിഡ് നിലനിൽക്കുന്ന സാഹചര്യത്തിൽ ആരോഗ്യരംഗത്ത് പ്രത്യേകശ്രദ്ധ അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ വിദ്യാർഥികൾക്ക് യാത്രാസൗകര്യം ഉറപ്പാക്കണം. കെ.എസ്.ആർ.ടി.സി, പ്രൈവറ്റ് ബസുകളുടെ സമയകൃത്യത ഉറപ്പ് വരുത്തണം. പ്രളയത്തിൽ തകർന്ന വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പുനർ നിർമിക്കുന്നതിന് നടപടികൾ കൈക്കൊള്ളണമെന്ന് എം.എൽ.എമാരായ കോവൂർ കുഞ്ഞുമോൻ, പി.എസ്. സുപാൽ, കൊടിക്കുന്നിൽ സുരേഷ് എംപിയുടെ പ്രതിനിധി എബ്രഹാം സാമുവൽ, കെ. ബി.ഗണേഷ് കുമാർ എംഎൽഎ യുടെ പ്രതിനിധി പി.എ സജിമോൻ എന്നിവർ ആവശ്യപ്പെട്ടു.

കല്ലടപവിത്രേശ്വരം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എടുത്ത കുഴികൾ ഉടൻ നികത്തണമെന്ന് കോവൂർ കുഞ്ഞുമോൻ എം.എൽ.എ. പറഞ്ഞു. കുന്നത്തൂർ, ചീക്കൽകടവ്, കടപുഴ പാലങ്ങളുടെ വശങ്ങളിൽ നെറ്റ് സംവിധാനം ഒരുക്കണമെന്ന് പൊതുമരാമത്ത് ബ്രിഡ്ജസ് ഡിവിഷന് നിർദേശവും നൽകി.

പുനലൂർ താലൂക്കിലെ മഴക്കെടുതി പ്രദേശങ്ങളിലെ അപകടസാധ്യതാ പഠനം സമയബന്ധിതമായി പൂർത്തിയാക്കണം. അശാസ്ത്രീയമായ നിർമാണങ്ങൾ പ്രവർത്തനങ്ങൾ കണ്ടെത്തിനീക്കം ചെയ്യണം. പ്രകൃതിദുരന്തങ്ങൾ ഒഴിവാക്കുന്നതിന് ഇങ്ങനെയുള്ള നടപടികൾ അനിവാര്യമാണെന്ന് പി. എസ്. സുപാൽ എം.എൽ.എ. വ്യക്തമാക്കി. പുനലൂർ താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് വേണം. അച്ചൻകോവിൽ വനമേഖലയിലെ 18 കുടുംബങ്ങൾക്ക് വീടും വസ്തുവും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു.

കടൽക്ഷോഭം ഉണ്ടാകുന്ന മേഖലകളിലെ പ്രശ്നപരിഹാര പ്രവർത്തനം ത്വരിതപ്പെടുത്തണം. കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണണമെന്നും സി.ആർ മഹേഷ് എം.എൽ.എ പറഞ്ഞു.

മൺട്രോതുരുത്ത് പഞ്ചായത്തിനെ പ്രത്യേക പദ്ധതിയിലുൾപെടുത്തി പുനരധിവാസം നടത്തുന്നതിനും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്ന് കൊടിക്കുന്നിൽ സുരേഷ് എം.പിയുടെ പ്രതിനിധി എബ്രഹാം സാമുവൽ നിർദ്ദേശിച്ചു.

പത്തനാപുരം വനമേഖലയിൽ താമസിക്കുന്നവരെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് സോളാർ ഫെൻസിങ് ഉടനടി പൂർത്തിയാക്കണം. കൊല്ലം ചെങ്കോട്ട പാതയിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനും സംവിധാനമൊരുക്കണമെന്ന് കെ. ബി. ഗണേഷ് കുമാർ എം.എൽ.എയുടെ പ്രതിനിധി പി. എ. സജിമോൻ പറഞ്ഞു.

മഴക്കെടുതിയിൽ നാശം സംഭവിച്ച മലയോര ഹൈവേയുടെ ഭാഗങ്ങൾ സഞ്ചാരയോഗ്യമാക്കണം എന്ന് എൻ. കെ പ്രേമചന്ദ്രൻ എം.പി. യുടെ പ്രതിനിധി കെ. എസ്. വേണുഗോപാൽ പറഞ്ഞു.

മഴക്കെടുതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ അധ്യക്ഷയായ ജില്ലാ കലക്ടർ അഫ്സാന പർവീൺ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ജില്ലാ വികസനസമിതി യോഗത്തിന് ഒരാഴ്ചമുമ്പ് പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കണമെന്നും ജില്ലാ കലക്ടർ നിർദ്ദേശിച്ചു.

ജില്ലാ വികസന കമ്മീഷണർ ആസിഫ് കെ. യൂസഫ്, പുനലൂർ ആർ.ഡി.ഒ ബി. ശശികുമാർ, ഡെപ്യൂട്ടി കലക്ടർമാർ, വകുപ്പുതല മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

# മോൻസന്റെ പുരാവസ്തുക്കൾ അടിമുടി വ്യാജം

കൊച്ചി: വൻതുക തട്ടാൻ കലൂരിലെ വാടക വീട്ടിൽ മോൻസൻ മാവുങ്കൽ സൂക്ഷിച്ചിരുന്ന പുരാവസ്തുക്കളിൽ 35 എണ്ണത്തിന് പറയത്തക്ക പഴക്കമില്ലെന്ന് സംസ്ഥാന ആർക്കിയോളജി വകുപ്പ്. കണ്ടെടുത്ത ശബരിമല ചെമ്പോല തീട്ടൂരത്തിൽ വിശദമായ പരിശോധന വേണമെന്നും നിർദ്ദേശമുണ്ട്. ക്രൈം ബ്രാഞ്ചിന് നൽകിയ റിപ്പോർട്ടിലാണ് ഇക്കാര്യങ്ങൾ അടിവരയിട്ട് പറയുന്നത്. പുരാവസ്തുക്കളിൽ മഹാഭൂരിഭാഗവും വ്യാജമാണെന്ന് ആർക്കിയോളജി വകുപ്പിലെ വിദഗ്ധർ നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ ദിവസമാണ് കാലപ്പഴക്കം സംബന്ധിച്ച റിപ്പോർട്ട് അന്വേഷണ സംഘത്തിന് കൈമാറിയത്. കൂടുതൽ പരിശോധന ഫലം ഉൾപ്പെടുത്തിയുള്ള അന്തിമ റിപ്പോർട്ട് ഉടൻ കൈമാറും. പുരാവസ്തുക്കളുടെ യഥാർത്ഥ കാലപ്പഴക്കം കേസന്വേഷണത്തിൽ അനിവാര്യമായതിനാൽ പുരാവസ്തു വകുപ്പിനെ ക്രൈം ബ്രാഞ്ചിന് സമീപിക്കുകയായിരുന്നു.

ടിപ്പുസുൽത്താന്റെ സിംഹാസനം, ഓട്ടുപാത്രങ്ങൾ, വിളക്കുകൾ, തംബുരു തുടങ്ങിയവയെല്ലാം അടിമുടി വ്യാജമാണെന്നാണ് വകുപ്പിന്റെ കണ്ടെത്തൽ. ചെമ്പോല തീട്ടൂരം പരിശോധിക്കാൻ പ്രത്യേക സംഘം വേണമെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ കേരളാ യൂണിറ്റ് നേരത്തെ വ്യക്തമാക്കിയിരുന്നു. ഇതു ശബരിമലയുമായി ബന്ധപ്പെട്ട ചെമ്പോലയെന്നായിരുന്നു മോൻസൻ അവകാശപ്പെട്ടിരുന്നത്. തൃശൂരിലെ യൂണിറ്റ് പരിശോധനയ്ക്ക് പ്രത്യേക സംഘത്തെ വേണമെന്ന് ആവശ്യപ്പെട്ട് ആർക്കിയോളജിക്കൽ സർവ്വേ ഒഫ് ഇന്ത്യാ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ക്രൈം ബ്രാഞ്ചിന്റെ ആവശ്യപ്രകാരം കൊച്ചി, തൃശ്ശൂർ യൂണിറ്റുകൾ ചേർന്നായിരുന്നു മോൻസണിന്റെ മ്യൂസിയത്തിലുണ്ടായിരുന്ന പുരാവസ്തുക്കൾ എന്ന് അവകാശപ്പെട്ടിരുന്ന വസ്തുക്കൾ പരിശോധിച്ചത്.

മോൻസൺ മാവുങ്കലിന്റെ ശബരിമലയുമായി ബന്ധപ്പെട്ട ചെമ്പോല വായിച്ച ചരിത്രകാരൻ ഡോ എം ആർ. രാഘവ വാര്യരുടെ മൊഴി ക്രൈം ബ്രാഞ്ച് രേഖപ്പെടുത്തിയിരുന്നു. ചെമ്പോല താൻ വായിച്ചിരുന്നെന്നും എന്നാൽ അതിന്റെ ഉള്ളടക്കം എന്തായിരുന്നു എന്ന കാര്യം ഇപ്പോൾ ഓർമയില്ലെന്നുമാണ് രാഘവ വാര്യർ ക്രൈം ബ്രാഞ്ചിന് മൊഴി നൽകിയത്.

# സംസ്ഥാനത്ത് 3382 പേർക്ക് കോവിഡ്; 5779 പേർക്ക് രോഗമുക്തി; ടിപിആർ 7.57



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 3382 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 666, തിരുവനന്തപുരം 527, കോഴിക്കോട് 477, കൊല്ലം 259, തൃശൂർ 237, കണ്ണൂർ 231, കോട്ടയം 198, പാലക്കാട് 174, ഇടുക്കി 122, ആലപ്പുഴ 114, പത്തനംതിട്ട 111, മലപ്പുറം 106, വയനാട് 82, കാസർഗോഡ് 78 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 44,638 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 19 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 21 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,56,786 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,52,086 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറൻറൈനിലും 4700 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 245 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 44,487 കോവിഡ് കേസുകളിൽ, 7.7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 59 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 58 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 39,955 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 8 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 3103 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 241 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 30 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 5779 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 814, കൊല്ലം 289, പത്തനംതിട്ട 7, ആലപ്പുഴ 306, കോട്ടയം 584, ഇടുക്കി 262, എറണാകുളം 946, തൃശൂർ 632, പാലക്കാട് 253, മലപ്പുറം 293, കോഴിക്കോട് 693, വയനാട് 268, കണ്ണൂർ 367, കാസർഗോഡ് 65 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 44,487 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 50,51,998 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# പതിനാലാം പഞ്ചവത്സര പദ്ധതി; വികസനരേഖ പരിഷ്കരിക്കാൻ മാർരേഖ അംഗീകരിച്ചു: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് മുന്നോടിയായി അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസന രേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗരേഖ അംഗീകരിച്ചതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. 2022 ഏപ്രിൽ 1ന് ആരംഭിക്കുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയും പതിനാലാം പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായാണ് മാർഗരേഖ അംഗീകരിച്ച് ഉത്തരവിറക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വേളയിൽ കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിശദമായി വിലയിരുത്തണം. നേട്ടങ്ങൾ ബലപ്പെടുത്തിയും പോരായ്മകൾ പരിഹരിച്ചും പുതിയ വെല്ലുവിളികൾ ഏറ്റെടുത്തും മുന്നോട്ടുപോകാൻ തയ്യാറാവണം. പതിനാലാം പദ്ധതിയുടെ പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിനുള്ള ചർച്ചകൾ സർക്കാർ തുടങ്ങികഴിഞ്ഞു. ഇതിന്റെ അന്തിമ രൂപമാകുന്നത് വരെ കാത്തുനിൽക്കാതെ മുന്നൊരുക്കപ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും ഡിസംബർ 10നകം പുനസംഘടിപ്പിച്ച് അവസ്ഥാരേഖ തയ്യാറാക്കാൻ തുടങ്ങണം. സ്റ്റാൻഡിംഗ് കമ്മറ്റികൾ ഇതിന് നേതൃത്വം നൽകണം. 1996ലെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും വിലയിരുത്തിക്കൊണ്ടാവണം 25 വർഷത്തെ പ്രവർത്തനങ്ങളെ നോക്കി കാണേണ്ടത്. വെല്ലുവിളികളും വികസന വിടവുകളും പ്രശ്ന വിശകലനങ്ങളും പരിഹാര സാധ്യതകളും മനസിലാക്കി പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് മന്ത്രി പറഞ്ഞു.

വികസന പരിപ്രേക്ഷ്യം തയ്യാറാക്കുമ്പോൾ വികസന ലക്ഷ്യങ്ങൾ അഞ്ച്, പത്ത് വർഷങ്ങളിലെ ലക്ഷ്യങ്ങളായി രണ്ട് രീതിയിൽ നിർവചിക്കണം. കേന്ദ്ര,സംസ്ഥാന പദ്ധതികളുമായും മിഷനുകളുമായും മറ്റ് മേഖലകളുമായും ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജന സാധ്യതകൾ ആരായണം. അവസ്ഥാരേഖ തയ്യാറാക്കുന്നതിന് സമാന്തരമായി വികസന രേഖയുടെ പരിഷ്കരണവും നടത്തണമെന്ന് മന്ത്രി വ്യക്തമാക്കി.

# ദത്തുനൽകിയ മകളെ തിരികെ വേണമെന്ന അമ്മയുടെ ആവശ്യം കോടതി തള്ളി

ചെന്നൈ: ഒമ്പത് വർഷം മുൻപ് ദത്തുനൽകിയ പെൺകുട്ടിയെ തിരികെ വേണമെന്ന അമ്മയുടെ ആവശ്യം മദ്രാസ് ഹൈക്കോടതി തള്ളി. ആഴ്ചയിലൊരിക്കൽ കുട്ടിയെ കാണാൻ അമ്മയ്ക്ക് കോടതി അനുമതി നൽകി.

ഒമ്പതുവർഷം കുട്ടിയെ സംരക്ഷിച്ച വളർത്തമ്മയിൽ നിന്ന് കുട്ടിയെ അടർത്തിമാറ്റാൻ കഴിയില്ലെന്ന് കോടതി വ്യക്തമാക്കി. ജസ്റ്റിസ് പി എൻ പ്രകാശ്, ജസ്റ്റിസ് ആർ ഹേമലത എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റേതാണ് ഉത്തരവ്.

സേലം സ്വദേശി ശരണ്യയാണ് ദത്തുനൽകി ഒമ്പത് വർഷത്തിനുശേഷം കുട്ടിയെ വേണമെന്ന ആവശ്യവുമായി കോടതിയെ സമീപിച്ചത്. ഭർത്താവിന്റെ സഹോദരി സത്യക്കാണ് ഇവർ കുഞ്ഞിനെ ദത്ത് നൽകിയത്. വിവാഹം കഴിഞ്ഞ് ഏറെക്കാലം കഴിഞ്ഞെങ്കിലും സത്യയ്ക്ക് കുട്ടികളുണ്ടാകാത്തതിനെ തുടർന്നാണ് ശരണ്യയും ഭർത്താവ് ശിവകുമാറും ദത്ത് നൽകാൻ തീരുമാനിക്കുന്നത്. തുടർന്ന് മൂന്നരമാസം പ്രായമുള്ള മൂന്നാമത്തെ കുഞ്ഞിനെ 2012ൽ സത്യയ്ക്ക് ദത്ത് നൽകുകയായിരുന്നു.

സത്യയുടെ ഭർത്താവ് രമേഷ് കാൻസർ വന്ന് മരിച്ചതോടെ കുഞ്ഞിനെ തിരികെ വേണമെന്നാവശ്യപ്പെട്ട് ശരണ്യ രംഗത്തെത്തി. എന്നാൽ ഇത്രകാലം വളർത്തിയ കുഞ്ഞിനെ തിരിച്ചുകൊടുക്കില്ലെന്ന് സത്യയും പറഞ്ഞു. തർക്കമായതോടെ കുഞ്ഞിനെ ചിൽഡ്രൻസ് ഹോമിലേക്ക് മാറ്റി.

തുടർന്നാണ് ശരണ്യയും സത്യയും ഹൈക്കോടതിയെ സമീപിച്ചത്.

# സ്പോർട്സ് കൗൺസിൽ അഡ്മിഷൻ

തിരുവനന്തപുരം സർക്കാർ ആർട്സ് കോളേജിൽ കേരള സ്പോർട്സ് കൗൺസിൽ 2021 റാങ്ക് ലിസ്റ്റ് പ്രകാരമുള്ള അഡ്മിഷൻ നടപടിക്രമങ്ങൾ 24ന് രാവിലെ 11ന് കോളേജ് കാര്യാലയത്തിൽ നടക്കും.

ഒഴിവുകൾ: ഡിഗ്രി(സയൻസ്)1, പി.ജി.1. താത്പര്യമുള്ളവർ അഡ്മിഷന് ആവശ്യമായ രേഖകളുടെ അസലും ഫോട്ടോസ്റ്റാറ്റ് കോപ്പിയും സഹിതം കൃത്യസമയത്ത് എത്തിച്ചേരണം. അഡ്മിഷന് പങ്കെടുക്കുന്നവർ നിലവിലുള്ള കോവിഡ് പ്രോട്ടോക്കോൾ നിർബന്ധമായും പാലിക്കണം.

# വിദ്യാഭ്യാസ അവാർഡിന് അപേക്ഷിക്കാം

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ അവാർഡിന് അപേക്ഷിക്കാം. 2020 മാർച്ചിലെ എസ്.എസ്.എൽ.സി/വി.എച്ച്.എസ്.ഇ/പ്ലസ്.ടു പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചവർക്കും പ്ലസ്.ടു (ഫിസിക്സ്, സുവോളജി) ഉയർന്ന മാർക്ക് നേടിയവർക്കും അപേക്ഷിക്കാം. മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിൽ നിന്നുള്ള സാക്ഷ്യപത്രവും മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പാസ്ബുക്കിന്റെ പകർപ്പും സഹിതം പ്രോജക്റ്റ് ഓഫീസറുടെ ശുപാർശയോടൊപ്പം നവംബർ 30 നകം ജില്ലാ ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് മത്സ്യഫെഡ് ജില്ലാ ഓഫീസുമായോ ക്ലസ്റ്റർ ഓഫീസുമായോ ബന്ധപ്പെടാം.



തീരശോഷണത്തിന് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് എൻ. സി. സി. ആറുമായി മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ കരാർ ഒപ്പുവയ്ക്കുന്നു. മന്ത്രി റോഷി അഗസ്റ്റിൻ സമീപം

# ഒമിക്രോൺ ജാഗ്രതയോടെ കേരളവും: മന്ത്രി വീണാ ജോർജ്

## വാക്സിൻ എടുക്കാൻ ബാക്കിയുള്ളവർ എത്രയും വേഗമെടുക്കണം

കോവിഡിന്റെ പുതിയ വകഭേദമായ 'ഒമിക്രോൺ' വിദേശത്ത് കണ്ടെത്തിയ സാഹചര്യത്തിൽ കേരളത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. കേന്ദ്രത്തിന്റെ മാർഗനിർദേശമനുസരിച്ചുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിമാനത്താവളങ്ങളിലും നിരീക്ഷണം ശക്തമാക്കും. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെങ്കിലും എല്ലാവരും കോവിഡ് മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണം. മാസ്ക്, സാനിറ്റൈസർ തുടങ്ങിയവ ഉപയോഗിക്കാനും, സാമൂഹിക ആകലം പാലിക്കാനും എല്ലാവരും ശ്രദ്ധിക്കണം. വാക്സിനെടുക്കാത്തവർ എത്രയും വേഗം വാക്സിൻ എടുക്കണം. ആരോഗ്യ വകുപ്പ് അവലോകന യോഗങ്ങൾ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിമാക്കിയതായി മന്ത്രി വ്യക്തമാക്കി.

കേന്ദ്ര മാർഗനിർദേശ പ്രകാരം ഇന്ത്യയിലേക്ക് വരുന്ന എല്ലാ യാത്രക്കാരും 72 മണിക്കൂറിനകം ആർടിപിസിആർ പരിശോധന നടത്തി എയർസുവിധ പോർട്ടലിൽ അപ് ലോഡ് ചെയ്യണം.

കേന്ദ്ര മാർഗനിർദേശങ്ങളിൽ പറയുന്ന വിദേശ രാജ്യങ്ങളിൽ നിന്ന് വരുന്നവരെ കൃത്യമായി നിരീക്ഷിക്കും. ഈ രാജ്യങ്ങളിൽ നിന്ന് വരുന്നവർക്ക് സംസ്ഥാനത്തെ എയർപോർട്ടുകളിൽ വീണ്ടും ആർടിപിസിആർ പരിശോധന നടത്തും. എല്ലാ എയർപോർട്ടുകളിലും കൂടുതൽ പരിശോധന നടത്താനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. ഇവർ കർശനമായി ഏഴ് ദിവസം ക്വാറന്റീനിലിരിക്കണം. അതിന് ശേഷം ആർടിപിസിആർ പരിശോധന നടത്തണം. ഈ രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ രോഗ സംശയമുള്ളവരുടെ സാമ്പിളുകൾ പരിശോധനയ്ക്കായി അയയ്ക്കും.

# വിലക്കയറ്റം തടയാൻ 5,919 മെട്രിക് ടൺ നിത്യോപയോഗ സാധനങ്ങൾ എത്തിച്ചു: മന്ത്രി ജി.ആർ. അനിൽ

രൂക്ഷമായ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി കഴിഞ്ഞ നാലു ദിവസത്തിനിടെ 5,919 മെട്രിക് ടൺ നിത്യോപയോഗ സാധനങ്ങൾ സംസ്ഥാനത്ത് എത്തിച്ചു സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്നതായി ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ. 1,800 ഓളം സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ യാതൊരു വിലവർധനയുമില്ലാതെയാണു 13 ഇനം നിത്യോപയോഗ സാധനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ആന്ധ്രപ്രദേശ്, തമിഴ്നാട് സംസ്ഥാനങ്ങളിലെ മഴക്കെടുതിമൂലം സാധന ലഭ്യത കുറഞ്ഞതോടെ, സപ്ലൈകോ വഴിയുള്ള സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ ചില ഉത്പന്നങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതു പരിഹരിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്താൻ ഭക്ഷ്യവകുപ്പിനു കഴിഞ്ഞു. ഇതിന്റെ ഭാഗമായാണു നാലു ദിവസത്തിനിടെ 5,919 മെട്രിക് ടൺ ഭക്ഷ്യോത്പന്നങ്ങൾ സംസ്ഥാനത്തേക്ക് എത്തിച്ചത്. ഇതിനു പുറമേ 5,80,847 പാക്കറ്റ് വെളിച്ചെണ്ണയും സപ്ലൈകോ ഔട്ട്ലെറ്റുകളിൽ എത്തിക്കാനായി. വിപണിയിൽ നടത്തിയ ഈ ഇടപെടലിലൂടെ വിലക്കയറ്റം പിടിച്ചു നിർത്താൻ സർക്കാരിനു കഴിഞ്ഞു. സബ്സിഡി സാധനങ്ങൾ ജനങ്ങളിലേക്കു കൂടുതലായി എത്തിക്കുക വഴിയാണു വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും വിപണി ഇടപെടൽ നടത്തുന്നതിനും കഴിയുന്നതെന്നും മന്ത്രി പറഞ്ഞു.

എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ എല്ലാ കാർഡ് ഉടമകൾക്കും സപ്ലൈകോ വഴി സബ്സിഡി സാധനങ്ങൾ ലഭിക്കും. പച്ചരി കിലോയ്ക്ക് 23 രൂപ, മട്ട 24 രൂപ, ജയ 25 രൂപ, കുറുവ 25 രൂപ എന്നിങ്ങനെയാണു വിതരണം ചെയ്യുന്ന അരിയുടെ വില. പഞ്ചസാര കിലോയ്ക്ക് 22 രൂപ, ചെറുപയർ 74 രൂപ, ഉഴുന്ന് 66 രൂപ, സാമ്പാർ പരിപ്പ് 65 രൂപ, മുളക് 75 രൂപ, വെളിച്ചെണ്ണ 46 രൂപ, മല്ലി 79 രൂപ, കടല 43 രൂപ, വൻപയർ 45 രൂപ എന്നിങ്ങനെയാണു മറ്റു സാധനങ്ങളുടെ വില. സപ്ലൈകോ വഴിയുള്ള സബ്സിഡി സാധന വിതരണം സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചു നിർത്താൻ വലിയ പങ്കാണു വഹിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പുനഃപ്രവേശനം

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾകേരള മുഖേന തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് ഏഴാം ബാച്ചിൽ പുനഃപ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഡി.സി.എ കോഴ്സിൽ ഒരു ബാച്ചിൽ ചേർന്ന ശേഷം ആ ബാച്ചിന്റെ സമ്പർക്ക ക്ലാസ്സിൽ പങ്കെടുക്കാത്തവർ, നിശ്ചിത ഹാജർ കുറവ് കാരണം ഡി.സി.എ പൊതു പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർ എന്നിവർക്ക് മൂന്ന് വർഷം വരെ തുടർ ബാച്ചുകളിലെ സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് പുനഃപ്രവേശനം അനുവദിക്കും.

സ്കോൾകേരള ഡി.സി.എ അഞ്ചാം ബാച്ച് മുതലുള്ള വിദ്യാർത്ഥികൾക്ക് ഡി.സി.എ ഏഴാം ബാച്ചിൽ പുനഃപ്രവേശനത്തിനായി നവംബർ 29 മുതൽ ഡിസംബർ 8 വരെ ംംം.രെീഹലസലൃമഹമ.ീൃഴ എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പുനഃപ്രവേശന ഫീസ് 500 രൂപയാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾകേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം12 എന്ന വിലാസത്തിൽ നേരിട്ടോ, സ്പീഡ്/ രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ എത്തിക്കണം. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും, കൈപ്പുസ്തകത്തിനും സ്കോൾകേരള വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 0471 2342950, 2342271, 2342369.

# മരംമുറിക്ക് അനുമതി തേടി തമിഴ്നാട് സുപ്രീംകോടതിയിൽ

ന്യൂഡൽഹി: മുല്ലപ്പെരിയാറിൽ ബേബി ഡാം ശക്തിപ്പെടുത്താൻ സമീപത്തെ മരങ്ങൾ മുറിച്ചു നീക്കാൻ അനുമതി തേടി തമിഴ്നാട് സുപ്രീംകോടതിയിൽ. ബേബി ഡാമിന് സമീപത്തെ മരം മുറിക്കാൻ കേരളം നൽകിയ അനുമതി പുനഃസ്ഥാപിക്കണമെന്നാണു തമിഴ്നാടിൻറെ ആവശ്യം. വള്ളക്കടവ് മുല്ലപ്പെരിയാർ വനമേഖലയിലെ റോഡ് അറ്റകുറ്റപണി നടത്താനും അനുമതി നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു.

മുല്ലപ്പെരിയാർ കേസിൽ വിശദമായ വാദം കേൾക്കാമെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. ഈ സാചര്യത്തിലാണ് മരം മുറി ഉൾപ്പടെയുള്ള ആവശ്യങ്ങളുമായി തമിഴ്നാട് കോടതിയ സമീപിച്ചിരിക്കുന്നത്.

സുപ്രീംകോടതി മുല്ലപ്പെരിയാർ കേസ് പരിഗണിക്കുമ്പോൾ തമിഴ്നാടിൻറെ ആരോപണങ്ങളിൽ കേരളം നൽകുന്ന മറുപടി നിർണായകമാകും.

മരം മുറിക്കുന്നതിനായി നേരത്തെ അനുമതി നൽകുകയും പിന്നീട് റദ്ദാക്കുകയും ചെയ്ത കേരളത്തിന്റെ ഉത്തരവ് പുനസ്ഥാപിക്കുക. വള്ളക്കടവ് മുല്ലപ്പെരിയാർ റോഡിൻറെ അറ്റകുറ്റപ്പണിക്ക് കേരളത്തിന് അടിയന്തര നിർദേശം നൽകു. അണക്കെട്ടിന് സമീപം മഴ അളക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ് തമിഴ്നാടിൻറെ പ്രധാന ആവശ്യങ്ങൾ.

ബേബി ഡാമിനു സമീപത്തെ മരം മുറിക്കാൻ നവംബർ ആറിനു കേരളം നൽകിയ അനുമതി സംസ്ഥാനത്തു വലിയ വിവാദം ആയതിനെ തുടർന്ന് അടിയന്തരമായി റദ്ദാക്കുകയായിരുന്നു. ഉത്തരവ് റദ്ദാക്കിയ വിവരം പത്രവാർത്തയിലൂടെയാണ് അറിഞ്ഞതെന്നാണ് തമിഴ്നാട് സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പെടുത്തിയിരിക്കുന്നത്. സുപ്രീം കോടതി നിർദേശങ്ങളൊന്നും തന്നെ കേരളം പാലിക്കുന്നില്ലെന്നും തമിഴ്നാട് കുറ്റപ്പെടുത്തി.

മുല്ലപ്പെരിയാറിലെ പ്രധാന ഡാമിൻറെ ഗ്രൗട്ടിംഗ് പണികൾക്കായി യന്ത്രങ്ങളും സാമഗ്രികളും കൊണ്ടുപോകാനുള്ള അനുമതി നൽകാൻ കേരളത്തോട് നിർദേശിക്കണമെന്നും നൽകിയ ഹർജിയിൽ തമിഴ്നാട് ആവശ്യപ്പെട്ടു.

മഴ അളക്കുന്നതിനുള്ള മഴ മാപിനി സ്റ്റേഷനുകൾ സ്ഥാപിച്ച് വിവരങ്ങൾ ഓൺലൈനായി തമിഴ്നാടിന് കൈമാറണമെന്ന് കേരളത്തോട് നിർദേശിക്കണമെന്നുമാണ് തമിഴ്നാടിന്റെ ആവശ്യം.

മുല്ലപ്പെരിയാർ ഡാമിൻറെ സുരക്ഷയിലും പരിസരത്തെ ജനങ്ങളുടെ ജീവന്റെയും സ്വത്തിൻറെയും കാര്യത്തിലും തമിഴ്നാട് പ്രതിജ്ഞാബദ്ധമാണ്.

എന്നാൽ, ഒരു വശത്ത് മുല്ലപ്പെരിയാർ ഡാമിൻറെ സുരക്ഷയിൽ നിരന്തരം ആശങ്ക ഉന്നയിക്കുന്ന കേരളം മറുവശത്ത് ബേബി ഡാം ശക്തിപ്പെടുത്തുന്ന കാര്യത്തിൽ തികഞ്ഞ അലംഭാവം കാണിക്കുകയാണെന്നും തമിഴ്നാട് കുറ്റപ്പെടുത്തി. റൂൾകർവ് ഉൾപ്പടെയുള്ള കാര്യങ്ങളിൽ കേരളം ഉന്നയിക്കുന്ന എതിർപ്പുകൾ അടിസ്ഥാന രഹിതമാണെന്നാണ് തമിഴ്നാട് ഇന്നലെ നൽകിയ ഹർജിയിലും ചൂണ്ടിക്കാട്ടുന്നത്.

ബേബി ഡാമിനു സമീപത്തെ മരങ്ങൾ മുറിക്കാനുള്ള അനുമതി ആറു വർഷമായി കേരളം വെച്ചു താമസിപ്പിക്കുകയാണെന്നാണ് തമിഴ്നാടിൻറെ ആരോപണം. ഇരു സംസ്ഥാനങ്ങളും സംയുക്തമായി നടത്തിയ പരിശോധനയിൽ ബേബി ഡാമിൻറെ പരിസരത്തെ 15 മരങ്ങൾ മുറിച്ചു നീക്കണമെന്ന് കണ്ടെത്തിയതാണ്.

പിന്നീട് പാട്ട ഭൂമിയുടെ അതിർത്തി നിർണയ വിഷയത്തിലെ സംശയങ്ങൾ ദുരീകരിച്ച് നവംബർ ആറിന് 15 മരങ്ങൾ മുറിക്കാനുള്ള അനുമതി കേരളം നൽകി. തടിയും വിറകും പ്രദേശത്തിന് പുറത്തേക്കു കൊണ്ടുപോകരുത് എന്ന ഉപാധിയും വെച്ചു. എന്നാൽ, തൊട്ടു പിന്നാലെ തന്നെ മരം മുറിക്കാനുള്ള ഉത്തരവ് കേരളം മരവിപ്പിച്ചതായി പത്രവാർത്തയിൽ നിന്നാണ് അറിഞ്ഞതെന്നും തമിഴ്നാട് ചൂണ്ടിക്കാട്ടി.

വള്ളക്കടവ് മുല്ലപ്പെരിയാർ റോഡ് അടിയന്തരമായി അറ്റകുറ്റപ്പണി ചെയ്യണമെന്ന് മേൽനോട്ട സമിതി നിർദേശിച്ചതാണ്. ഇക്കാര്യം തങ്ങൾ ആവർത്തിച്ച് അഭ്യർഥിച്ചിട്ടും കേരളം നിരാകരിക്കുയാണെന്നും കുറ്റപ്പെടുത്തുന്നു. കേരളം അറ്റകുറ്റപണി നടത്തുകയുമില്ല തങ്ങളെ ചെയ്യാൻ അനുവദിക്കുന്നുമില്ല എന്നാണ് തമിഴ്നാട് ആരോപിക്കുന്നത്.

റൂൾ കർവ് ഉൾപ്പടെയുള്ള വിഷയങ്ങളിൽ ഉന്നയിച്ച പ്രശ്നങ്ങൾ കേന്ദ്ര ജല കമ്മീഷൻറെ മാർഗനിർദേശ പ്രകാരം മേൽനോട്ട സമിതി പരിഹരിച്ചതാണ്. എന്നാൽ, ജലനിരപ്പ് 142 അടിയായി നിർത്തുന്നത് ഉൾപ്പടെയുള്ള കാര്യങ്ങളിൽ കേരളം നിരന്തരം എതിർപ്പ് ഉന്നയിക്കുകയാണ്. ഓരോ ഘട്ടത്തിലും ഇക്കാര്യങ്ങളിൽ കേരളം നിരന്തരം എതിർക്കുകയാണെന്നും തമിഴ്നാട് കുറ്റപ്പെടുത്തുന്നു.

# ഡാറ്റ എൻട്രി ഓപ്പറേറ്റർ നിയമനം

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡാറ്റ എൻട്രി ഓപ്പറേറ്ററെ താത്കാലികമായി നിയമിക്കുന്നു. 29ന് രാവിലെ 11 മണിക്ക് അഭിമുഖം നടത്തും. ഡിസംബർ 31 വരെയായിരിക്കും നിയമനം. ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദവും സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള ഡി.സി.എ/ പി.ജി.ഡി.സി.എ/ തത്തുല്യമായ 6 മാസം ദൈർഘ്യമുള്ള അംഗീകൃത കമ്പ്യൂട്ടർ പ്രൊഫിഷ്യൻസി കോഴ്സുമാണ് യോഗ്യത. കുറഞ്ഞത് ഒരു വർഷത്തെ പ്രവർത്തിപരിചയം വേണം. പ്രായം 1840 വയസ്സ്. പ്രതിമാസം 13,500 രൂപയാണ് വേതനം. കോവിഡ് 19 പ്രവർത്തനവുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ജോലി ചെയ്തവർക്ക് മുൻഗണന. ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, വയസ്, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ഫോട്ടോപതിച്ച സർക്കാർ അംഗീകൃത തിരച്ചറിയൽ കാർഡ് എന്നിവയുടെ അസ്സൽ, ഒരു സെറ്റ് ഫോട്ടോകോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ, ബയോഡാറ്റ എന്നിവ സഹിതം കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ എത്തണം.

# ആംനെസ്റ്റി പദ്ധതി 2021: അവസാന തീയതി നവംബർ 30

ചരക്ക് സേവന നികുതി വകുപ്പ് ആംനസ്റ്റി പദ്ധതി 2021 ലേക്ക് ഓപ്ഷൻ സമർപ്പിക്കുവാനുള്ള സമയപരിധി നവംബർ 30 ന് അവസാനിക്കും.

ചരക്ക് സേവന നികുതി നിയമം നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന നികുതി നിയമങ്ങളായ കേരള മൂല്യ വർദ്ധിത നികുതി, കേന്ദ്ര വിൽപന നികുതി, കാർഷികാദായ നികുതി, പൊതു വിൽപന നികുതി, ആഡംബര നികുതി, സർചാർജ് എന്നിവ പ്രകാരമുള്ള കുടിശ്ശികകൾ തീർക്കാനാണ് ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. പിഴയിലും പലിശയിലും 100 ശതമാനം ഇളവ് ലഭിക്കും. എന്നാൽ കേരള പൊതു വിൽപന നികുതി നിയമപ്രകാരം 2005 നു ശേഷമുള്ള കുടിശ്ശികക്ക് പിഴ മാത്രമേ ഒഴിവാക്കിയിട്ടുള്ളു. കുടിശ്ശിക ഒരുമിച്ച് അടയ്ക്കുന്നവർക്ക് നികുതി കുടിശ്ശികയുടെ 40 ശതമാനവും തവണകളായി അടയ്ക്കുന്നവർക്ക് 30 ശതമാനവും ഇളവ് ലഭിക്കും. കോടതികളിൽ വകുപ്പുതല അപ്പീൽ നൽകിയിട്ടുള്ള കേസുകൾക്കും ആംനസ്റ്റി ബാധകമാണ്. വ്യാപാരികളുടെ കുടിശ്ശിക വിവരങ്ങൾ ചരക്ക് സേവന നികുതി വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. ംംം.സലൃമഹമമേഃലെ.ഴീ.ശി ൽ ഓപ്ഷൻ നൽകി ഒറ്റത്തവണ രജിസ്ട്രേഷൻ എടുക്കണം. കുടിശ്ശികകൾ വാർഷികാടിസ്ഥാനത്തിൽ കണക്കാക്കി ഒരോ വർഷത്തേയ്ക്കും പ്രത്യേകം ഓപ്ഷൻ സമർപ്പിക്കാനും സൗകര്യമുണ്ട്. വെബ്സൈറ്റിൽ നൽകിയിരിക്കുന്ന കുടിശ്ശിക വിവരങ്ങൾ ശരിയാണെങ്കിൽ വ്യാപാരികൾക്ക് ഓപ്ഷൻ സമർപ്പിക്കാം. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ തിരുത്തലുകൾ വരുത്തിയതിനു ശേഷം ഓപ്ഷൻ സമർപ്പിക്കണം. നികുതിനിർണ്ണയ അധികാരി ഓപ്ഷൻ പരിശോധിച്ച് അംഗീകരിച്ച ശേഷം ഓൺലൈനായി കുടിശ്ശിക അടയ്ക്കാം. ആംനസ്റ്റി പദ്ധതി തിരഞ്ഞെടുക്കാത്ത വ്യാപാരികൾക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടി ഉടൻ പുനരാരംഭിക്കുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മിഷണർ അറിയിച്ചു.

## ജി.എസ്.റ്റി 3 ബി റിട്ടേണിലെ ലേറ്റ്ഫീ ഇളവുകൾ നവംമ്പർ 30 വരെ

കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് 2017 ജൂലൈ മുതൽ 2021 ഏപ്രിൽ വരെ സമർപ്പിക്കാൻ കുടിശ്ശികയുള്ള ജി.എസ്.റ്റി 3 ബി റിട്ടേണുകളിൽ പ്രഖ്യാപിച്ച ലെറ്റ്ഫീ ഇളവുകൾ നവംമ്പർ 30 ന് അവസാനിക്കും.

ജൂലൈ 2017 മുതൽ ഏപ്രിൽ 2021 വരെയുള്ള കാലയളവിലേക്ക് സമർപ്പിക്കാനുള്ള റിട്ടേണുകൾക്കാണ് ലേറ്റ്ഫീ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഈ കാലയളവിൽ 'നിൽ' റിട്ടേൺ സമർപ്പിക്കേണ്ട നികുതിദായക്കർക്ക് ലേറ്റ് ഫീയായി പ്രതിമാസം പരമാവധി 500 രൂപയും, നികുതി ബാധ്യതയുള്ളവർക്ക് പ്രതിമാസ ലേറ്റ് ഫീ പരമാവധി 1000 രൂപയായുമാണ് കുറച്ചിരിക്കുന്നത്. ലേറ്റ്ഫീ കുടിശ്ശിക മൂലം റിട്ടേൺ സമർപ്പിക്കാൻ കഴിയാതിരുന്ന വ്യാപാരികൾക്ക് ഇളവ് സഹായകരമാകും.

ജി.എസ്.റ്റി3ബി റിട്ടേൺ കുടിശ്ശികയുള്ള വ്യാപാരികൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മിഷണർ അറിയിച്ചു.

# വിലക്കയറ്റം പിടിച്ചുനിർത്താൻ ജില്ല തോറും സപ്ലൈകോ മൊബൈൽ വിൽപ്പനശാലകൾ

വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ സബ്സിഡി സാധനങ്ങൾ ജനങ്ങളിലേക്കു നേരിട്ടെത്തിക്കുന്നതിനും വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനുമായി ജില്ലകൾ തോറും സപ്ലൈകോയുടെ മൊബൈൽ വിൽപ്പനശാലകൾ എത്തുമെന്നു ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ. ഒരു ജില്ലയിൽ അഞ്ചു മൊബൈൽ യൂണിറ്റുകൾ എന്ന നിലയിൽ രണ്ടു ദിവസങ്ങളിലായി സാധനങ്ങൾ വിതരണം ചെയ്യുമെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

പദ്ധതിയുടെ ഉദ്ഘാടനം 30നു തിരുവനന്തപുരത്തു നടക്കും. തുടർന്നുള്ള ദിവസങ്ങളിൽ മറ്റു ജില്ലകളിലും പദ്ധതി നടപ്പാക്കും. ഒരു മൊബൈൽ വാഹനം ഒരു ദിവസം ഒരു താലൂക്കിലെ അഞ്ചു കേന്ദ്രങ്ങളിൽ എത്തി റേഷൻ കാർഡ് ഉടമകൾക്ക് സാധനങ്ങൾ നൽകും. ഒരു മൊബൈൽ യൂണിറ്റ് രണ്ടു ദിവസങ്ങളിലായി ഒരു താലൂക്കിലെ പത്തു പോയിന്റുകളിൽ വിതരണം നടത്തുന്നവിധമാണു ക്രമീകരണം. അങ്ങനെ രണ്ടു ദിവസങ്ങളിലായി അഞ്ചു വാഹനങ്ങൾ ഒരു താലൂക്കിലെ 50 പോയിന്റുകളിൽ എത്തും. തീരദേശം, മലയോരം, ആദിവാസി ഊരുകൾ എന്നിവിടങ്ങൾക്കു മുൻഗണന നൽകിയാകും മൊബൈൽ വിൽപ്പനശാലകളുടെ യാത്ര.

സംസ്ഥാനത്തെ അഞ്ചു മേഖലകളിലുള്ള 52 ഡിപ്പോകളിൽ സാധനങ്ങൾ സംഭരിച്ചാണു പദ്ധതി നടപ്പാക്കുന്നത്. മറ്റു മാവേലി ഔട്ട്ലെറ്റുകളിലൂടെയുള്ള സബ്സിഡി സാധന വിതരണത്തെ ബാധിക്കാത്തവിധമാണു പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

# സൈന്യത്തെനെതിരെയുള്ള ഗൂഡാലോചന; ഓങ് സാങ് സൂചിയുടെ വിചാരണ നവംബർ 30 ന്

നയ്!പിഡാവ്: മ്യാൻമർ സൈന്യത്തിനെതിരെ ഗൂഡാലോചന നടത്തിയെന്ന കേസിൽ ജനകീയ നേതാവ് ഓങ് സാങ് സൂചിയുടെ വിചാരണ നവംബർ 30 ന് നടക്കും. ജീവപര്യന്തം തടവുശിക്ഷ ലഭിക്കാവുന്ന വകുപ്പുകളുൾപ്പെടെ സൂചിയ്ക്കു മേൽ സൈന്യം ചുമത്തിയിട്ടുള്ള കേസുകളുടെ പട്ടികയിലെ ആദ്യ വിചാരണയാണിത്. കുറ്റം തെളിയിക്കപ്പെട്ടാൽ ഓങ് സാങ് സൂചിക്ക് മൂന്ന് വർഷം തടവ് ശിക്ഷ അനുഭവിക്കേണ്ടിവരും. സൂചിയുടെ രാഷ്ട്രീയ ഭാവി എന്നെന്നേക്കുമായി ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്ന നിരവധി കേസുകളിൽ ഒന്നാണിത്. പൊതു ക്രമത്തെ തടസ്സപ്പെടുത്തുന്ന തെറ്റായതും പ്രകോപനപരമായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെയുള്ള വകുപ്പിനെ രാജ്യദ്രോഹക്കുറ്റത്തിന് സമാനമായാണ് നിയമം കണക്കാക്കുന്നത്. എന്നാൽ ഓങ് സാങ് സൂചിയുടെ ശിക്ഷയെ സംബന്ധിച്ച് ക!!!ൃത്യമായ പ്രവചനം സാധ്യമല്ലെന്നും വിദ!ഗ്!ധർ പറയുന്നു. സൈന്യം ഭരണം അട്ടിമറിയിലൂടെ പിടിച്ചെടുത്തതിനു ശേഷം തടങ്കലിൽ കഴിയുന്ന സൂചിയുടെ ശിക്ഷാവിധിയിൽ അധികൃതർ മനപൂർവം കാലതാമസം വരുത്താനുള്ള സാധ്യതയുണ്ടെന്നും വിലയിരുത്തുന്നുണ്ട്. ന!!!യ്!പിഡാവിലെ പ്രത്യേക കോടതിയിൽ മാധ്യമപ്രവർത്തകരെ വിലക്കേർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൂചിയുടെ അഭിഭാഷകർ മാധ്യമങ്ങളോട് സംസാരിക്കുന്നതെന്നും സൈന്യത്തിന്റെ കർശന നിർദ്ദേശമുണ്ട്.

സൈന്യം ഭരണം പിടിച്ചെടുത്തതിന് ശേഷം, ലൈസൻസില്ലാത്ത വാക്കിടോക്കികൾ കൈവശം വച്ചതിനും 2020ലെ തെരഞ്ഞെടുപ്പിൽ കോവിഡ് നിയന്ത്രണങ്ങൾ ലംഘിച്ചതിനും ഓങ് സാങ് സൂചിയ്ക്കെതിരെ വഞ്ചനാക്കുറ്റത്തിന് കേസെടുത്തിരുന്നു. ഔദ്യോഗിക രഹസ്യ നിയമം, അഴിമതി, തെരഞ്ഞെടുപ്പ് ലംഘനം എന്നിവ ഉൾപ്പെടെയുള്ള മറ്റ് കുറ്റാരോപണങ്ങളും സൂചിയ്ക്കെതിരെയുണ്ട്.

## ഗസ്റ്റ് ലക്ചറർ ഒഴിവ്

മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കെമിസ്ട്രി വിഭാഗത്തിൽ ഒഴിവുള്ള ഗസ്റ്റ് ലക്ചറർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിനായി യോഗ്യതയുള്ള ഉദ്യോഗാർഥികളെ ക്ഷണിക്കുന്നു. യോഗ്യത എം.എസ്സി കെമിസ്ട്രിയിൽ കുറഞ്ഞത് 55 ശതമാനം മാർക്കും നെറ്റും. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ 55 ശതമാനത്തിൽ കൂടുതൽ മാർക്കുള്ള എം.എസ്സിക്കാരെയും പരിഗണിക്കും. യോഗ്യതയുള്ളവർക്ക് നവംബർ 24ന് രാവിലെ 10ന് എഴുത്ത് പരീക്ഷയും കൂടിക്കാഴ്ചയും നടത്തും.

NAUTICAL TIMES
KERALA
Thiruvananthapuram
RNI.Reg,No. KERBIL/2018/77391
2021 NOVEMBER 30 TUESDAY





വിശാഖപട്ടണത്തു നടക്കുന്ന ഇന്ത്യാ സ്കിൽ സൗത്ത് മേഖലാ മത്സരത്തിൽ പങ്കെടുക്കാനുള്ള കേരള സംഘത്തിന്റെ യാത്ര പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഫ്ളാഗ് ഓഫ് ചെയ്യുന്നു

## ഒമിക്രോൺ ഭീതി; സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ കർശനപരിശോധന

തിരുവനന്തപുരം: കൊറോണ വൈറസിൻറെ മാരകമായ പുതിയ വകഭേദം ഒമിക്രോൺ വിദേശ രാജ്യങ്ങളിൽ വ്യാപകമായതോടെ ഇവിടങ്ങളിൽ നിന്നെത്തുന്നവർക്ക് വിമാനത്താവളങ്ങളിൽ പരിശോധന കർശനമാക്കി.

ബോട്സ്വാന, ദക്ഷിണാഫ്രിക്ക, ഹോങ്കോംഗ്, ബ്രസീൽ, ബംഗ്ലാദേശ്, ചൈന, മൗറീഷ്യസ്, ന്യൂസിലാൻഡ്, സിംബാബ്‌വെ, സിംഗപൂർ, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിൽ നിന്നെത്തുന്നവർക്കും ഈ രാജ്യങ്ങളുമായി ബന്ധപ്പെട്ടു യാത്രാ ചരിത്രം ഉള്ളവർക്കുമാണ് പരിശോധന കർശനമാക്കിയത്. ഇവിടങ്ങളിൽ നിന്നുമുള്ള യാത്രക്കാരുമായി സന്പർക്കം വന്നവരിലും നിരീക്ഷണമുണ്ടാകും. ആദ്യഘട്ടം ഇവരിൽ ആർടിപിസിആർ പരിശോധന നടത്തും. തുടർന്ന് ഇവർക്ക് ഏഴു ദിവസത്തെ ക്വാറൻറീൻ നിർദേശിക്കും. എട്ടാം ദിവസം വീണ്ടും ആർടിപിസിആർ ടെസ്റ്റ് നടത്തും. വീണ്ടും പോസിറ്റീവായാൽ ഏഴു ദിവസം കൂടി ക്വാറൻറീൻ തുടരേണ്ടി വരും.

ആർടിപിസിആർ പോസിറ്റീവ് ആകുന്നവരുടെ സാന്പിളുകൾ ഇൻഡ്യൻ സാർസ് കോവിഡ് 2 ജീനോമിക് കൺസോർഷ്യത്തിനു കീഴിലെ ജീനോം സീക്വൻസിംഗ് ലബോറട്ടറികളിൽ വിദഗ്ധ പരിശോധനക്കായി അയക്കും.

# നെതർലൻഡിൽ 13 പേർക്ക് ഒമിക്രോൺ ആസ്ട്രേലിയയിൽ രണ്ട് പേർക്ക്

ആംസ്റ്റർഡാം : ജർമ്മനിക്ക് പിന്നാലെ ഇറ്റലിയിലും ആസ്ട്രിയയിലും നെതർലൻഡിലും ഒമിക്രോൺ വകഭേദം സ്ഥിരീകരിച്ചു. വെള്ളിയാഴ്ച ദക്ഷിണാഫ്രിക്കയിൽ നിന്ന് നെതർലൻഡിലെത്തിയ 13 പേർക്ക് ഒമിക്രോൺ സ്ഥിരീകരിച്ചതായി ഡച്ച് ആരോഗ്യ വകുപ്പ് അറിയിച്ചു. യാത്രാ നിരോധനമേർപ്പെടുത്തുന്നതിന് മുൻപ് ദക്ഷിണാഫ്രിക്കയിൽ നിന്ന് ആംസ്റ്റർഡാമിലേക്ക് രണ്ട് വിമാനങ്ങളിലായി എത്തിയ 600 യാത്രക്കാരിൽ 61 പേർക്ക് കോവിഡ് സ്ഥിരീകരിച്ചിരുന്നു. ഇവരിൽ 13 പേരിലാണ് ഒമിക്രോൺ വകഭേദം കണ്ടെത്തിയത്. വിശദമായ പരിശോധനകൾ നടന്നുവരികയാണെന്നും കൂടുതൽ പേരിൽ ഒമിക്രോൺ കണ്ടെത്താൻ സാധ്യതയുണ്ടെന്നും ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചു. എയർപോർട്ടിനടത്തു തന്നെയുള്ള കേന്ദ്രത്തിലാണ് ഇവരെ ക്വാറൻന്റൈൻ ചെയ്തിരിക്കുന്നത്.

ദക്ഷിണാഫ്രിക്കയിൽ നിന്ന് മടങ്ങിയെത്തുന്ന യാത്രക്കാർ കഴിവതും വേഗത്തിൽ കോവിഡ് പരിശോധന നടത്തണമെന്ന് നെതർലൻഡ് ആരോഗ്യമന്ത്രി ഹ്യൂഗോ ഡി ജോംഗെ അഭ്യർത്ഥിച്ചു. കൂടുതൽ ഒമിക്രോൺ കേസുകൾ കണ്ടെത്തുന്നത് ചിന്തിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ് നെതർലൻഡെന്നും അദ്ദേഹം പറഞ്ഞു.

ദക്ഷിണാഫ്രിക്കയിൽ നിന്നെത്തിയ യാത്രക്കാരിലാണ് ആസ്ട്രിയയിലും ഇറ്റലിയിലും ഒമിക്രോൺ വകഭേദം സ്ഥിരീകരിച്ചത്. ഇറ്റലിയിൽ , രോഗം സ്ഥിരീകരിച്ചയാളുടെ രണ്ട് കുട്ടികളടക്കമുള്ള അഞ്ച് കുടുംബാംഗങ്ങൾക്കും കോവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്.

യൂറോപ്യൻ രാജ്യങ്ങൾക്കു പുറമേ, ആസ്ട്രേലിയയിലും രണ്ട് പേർക്ക് ഒമിക്രോൺ സ്ഥിരീകരിച്ചു. ദക്ഷിണാഫ്രിക്കയിൽ നിന്ന് ശനിയാഴ്ച എത്തിയ രണ്ട് യാത്രക്കാർക്ക് ഒമിക്രോൺ സ്ഥിരീകരിച്ചതായി ന്യൂ സൗത്ത് വെയിൽസ്! ആരോഗ്യവകുപ്പ് അറിയിച്ചു. ഇവർ വാക്സിന്റെ രണ്ട് ഡോസുകളും സ്വീകരിച്ചവരാണെന്നും രോഗികൾക്ക് ഗുരുതരമായ രോഗലക്ഷണങ്ങളില്ലെന്നും ആരോഗ്യവകുപ്പ് അറിയിച്ചു. ഇരുവരും ക്വാറന്റൈനിൽ കഴിയുകയാണ്.

## വിവാഹ രജിസ്ട്രേഷന് മതം മാനദണ്ഡമല്ല: മന്ത്രി

സംസ്ഥാനത്ത് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ വിവാഹിതരുടെ മതം തെളിയിക്കുന്ന രേഖയോ, മതാചാര പ്രകാരമാണ് വിവാഹം നടന്നതെന്ന രേഖയോ ആവശ്യമില്ലെന്നും വിവാഹ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടത്തിനൊപ്പം വിവാഹം ചെയ്യുന്നവരുടെ ജനനതീയതി തെളിയിക്കുന്ന അംഗീകൃത രേഖകളും വിവാഹം നടന്നത് തെളിയിക്കുന്ന രേഖയും മതിയെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

2008ലെ വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ, 2015ൽ ചട്ടത്തിൽ ഭേദഗതി വരുത്തി. തുടർന്നാണ് പരാതികൾ ഉയർന്നുവന്നതെന്ന് മന്ത്രി വ്യക്തമാക്കി.

വിവാഹങ്ങളുടെ സാധുത നിർണയിക്കുന്നത് വിവാഹിതരാകുന്ന വ്യക്തികളുടെ മതം അടിസ്ഥാനപ്പെടുത്തി മാത്രമല്ല. വിവാഹ രജിസ്ട്രേഷന് വേണ്ടി കക്ഷികൾ നൽകുന്ന ഫോറം ഒന്നിൽ കക്ഷികളുടെ മതമോ, വിവാഹം നടന്ന രീതിയോ രേഖപ്പെടുത്തേണ്ടതുമില്ല. നിലവിൽ പലയിടങ്ങളിലും ജനന തീയതി തെളിയിക്കാൻ സമർപ്പിക്കുന്ന സ്കൂൾ സർട്ടിഫിക്കറ്റ് പോലുള്ള രേഖകളിൽ നിന്നാണ് രജിസ്ട്രാർമാർ മതം നിർണയിക്കുന്നത്. അത്തരത്തിലുള്ള വിവരങ്ങൾ ലഭ്യമല്ലെങ്കിൽ അധിക വിവരങ്ങൾ ആരായുന്ന പതിവുണ്ട്. അത്തരം സമീപനങ്ങൾക്ക് അറുതിവരുത്താനാണ് സർക്കുലർ ഇറക്കിയതെന്നും സമൂഹത്തിലെ നവോത്ഥാന മൂല്യങ്ങളെ പരിപോഷിപ്പിക്കുവാനുള്ള സംസ്ഥാന സർക്കാരിന്റെ ബാധ്യതയുടെ ഭാഗമാണിതെന്നും മന്ത്രി വ്യക്തമാക്കി.

# ഇന്ത്യയുടെ കോവിഡ്19 വാക്സിനേഷനുകളുടെ എണ്ണം 121.94 കോടി പിന്നിട്ടു

കഴിഞ്ഞ 24 മണിക്കൂറിൽ 82,86,058 ഡോസ് വാക്സിനുകൾ നൽകിയതോടെ, ഇന്ന് രാവിലെ ഏഴ് മണി വരെയുള്ള താത്കാലിക കണക്ക് പ്രകാരം, രാജ്യത്തിതുവരെ നൽകിയ ആകെ വാക്സിനുകളുടെ എണ്ണം 121.94 കോടി (1,21,94,71,134) കടന്നു. 1,26,30,392 സെഷനുകളിലൂടെയാണ് ഇത്രയും ഡോസ് വാക്സിൻ നൽകിയത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 9,481 പേർ സുഖം പ്രാപിച്ചതോടെ രാജ്യത്താകെ ഇതുവരെ കോവിഡ് മുക്തരായവരുടെ എണ്ണം 3,39,98,278 ആയി. ദേശീയ രോഗമുക്തി നിരക്ക് 98.34%. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കൂട്ടായ ശ്രമഫലമായി, തുടർച്ചയായി 154 ാം ദിവസവും പുതിയ പ്രതിദിന രോഗബാധിതരുടെ എണ്ണം 50,000ത്തിൽ താഴെയാണ്. കഴിഞ്ഞ 24 മണിക്കൂറിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 8,774 പേർക്കാണ്.

നിലവിൽ രാജ്യത്ത് ചികിത്സയിലുള്ളത് 1,05,691 പേരാണ്. നിലവിൽ ചികിത്സയിലുള്ളത് രാജ്യത്തെ ആകെ രോഗബാധിതരുടെ 0.31 ശതമാനമാണ് മാർച്ച് 2020 മുതലുള്ള ഏറ്റവും കുറഞ്ഞ കണക്ക്.

രാജ്യത്തെ പരിശോധനാശേഷി ഗണ്യമായി വർദ്ധിപ്പിച്ചതോടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 10,91,236 പരിശോധനകൾ നടത്തി. ആകെ 63.94 കോടിയിലേറെ (63,94,27,262) പരിശോധനകളാണ് ഇതുവരെ നടത്തിയത്.

പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 0.85 ശതമാനമാണ്. 14 ദിവസമായി 1% ത്തിൽ താഴെ. പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 0.80% ശതമാനമാണ്. കഴിഞ്ഞ 55 ദിവസമായി ഇത് 2 ശതമാനത്തിൽ താഴെയും, 90 ദിവസമായി 3 ശതമാനത്തിൽ താഴെയുമാണ്.

## രാജ്യത്ത് ജാതീയത നടമാടുന്നു: സുപ്രീം കോടതി

ന്യൂഡൽഹി: സ്വാതന്ത്ര്യം ലഭിച്ച് 75 വർഷങ്ങൾ പൂർത്തിയാകുമ്പോഴും രാജ്യത്തുനിന്നും ജാതീയത തുടച്ചുനീക്കാനായിട്ടില്ലെന്ന് സുപ്രീം കോടതി. രാജ്യത്ത് വർധിച്ചുവരുന്ന ജാതി പ്രേരിതമായ അക്രമസംഭവങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു കോടതിയുടെ പരാമർശം. ജാതിയുടെ പേരിൽ നടക്കുന്ന ക്രൂരമായ കുറ്റകൃത്യങ്ങൾക്കെതിരെ പൊതു സമൂഹം ശക്തമായ വിയോജിപ്പും പ്രതികരണവും അറിയിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞുവെന്നും കോടതി അഭിപ്രായപ്പെട്ടു.

1991ൽ ഉത്തർ പ്രദേശിൽ നടന്ന ദുരഭിമാനക്കൊല കേസ് സംബന്ധിച്ച ഹർജികളിൽ വിധി പ്രസ്താവിക്കുന്നതിനിടെ ജസ്റ്റിസ് എൽ നാഗേശ്വര റാവു അധ്യക്ഷനായ ബെഞ്ചിന്റേതായിരുന്നു നിരീക്ഷണം. ദുരഭിമാനക്കൊലകൾ ഇല്ലാതാക്കുന്നത് വേണ്ട നടപടികൾ സ്വീകരിക്കാൻ നേരത്തെ തന്നെ കോടതി അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു. അവ കൂടുതൽ കാലതാമസമില്ലാതെ നടപ്പിലാക്കണമെന്നും കോടതി ഉത്തരവിട്ടു. വിചാരണകളെ കളങ്കപ്പെടുത്തുന്നത് തടയാൻ സാക്ഷികളെ സംരക്ഷിക്കുന്നതിൽ സംസ്ഥാനത്തിന് കൃത്യമായ പങ്ക് വഹിക്കാനുണ്ട്. ഇത്തരം കേസുകളിൽ ഉൾപ്പെടുന്ന ഉന്നതർ പണവും അധികാരവും ഉപയോഗിച്ച് സാക്ഷികളെ സ്വാധീനിക്കാനുള്ള ശ്രമം നടത്തും. ദുരാചാരങ്ങളെ തുടർന്നുണ്ടാകുന്ന മതഭ്രാന്ത് എല്ലാ പൗരന്മാർക്കും തുല്യത എന്ന ഭരണഘടനയുടെ ലക്ഷ്യത്തെ തടസപ്പെടുത്തുമെന്നും ബെഞ്ച് ചൂണ്ടിക്കാട്ടി.

# ദേശീയ ഊർജ സംരക്ഷണ പക്ഷാചരണം: സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ ഒന്നിന്

എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദേശീയ ഊർജ സംരക്ഷണ പക്ഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ ഒന്നിനു നടക്കും. തിരുവനന്തപുരം വെള്ളയമ്പലം ഇൻസ്റ്റിറ്റിയൂഷൻ ഓഫ് എൻജിനിയറിങ് ഹാളിൽ രാവിലെ 11.30 ന് നടക്കുന്ന ചടങ്ങിൽ വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം നിർവഹിക്കും. ഗതാഗത മന്ത്രി ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഉന്നത വിദ്യാഭ്യാസ മനത്തി ഡോ. ആർ ബിന്ദു മുഖ്യ പ്രഭാഷണം നടത്തും. മേയർ ആര്യ രാജേന്ദ്രൻ മുഖ്യാതിഥിയാകും. കെഎസ്ഇബി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ബി അശോക് ഐഎഎസ് വിഷയാവതരണം നടത്തും. ഊർജ വകുപ്പ് സെക്രട്ടറി രാജേഷ് കുമാർ സിൻഹ സ്വാഗതം ആശംസിക്കും. വാർഡ് കൗൺസലർ പാളയം രാജൻ, ചീഫ് ഇലക്ട്രിക്കൽ എൻജിനിയർ വി സി അനിൽകുമാർ, ഇഎംസി ഡയറക്ടർ ഡോ. ആർ ഹരികുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

പക്ഷാചരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനത്തോട് അനുബന്ധിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായ സഹകരിച്ച് ലൈബ്രറി പ്രവർത്തകർക്കായി രാവിലെ 10.30 മുതൽ ഊർജ സംരക്ഷണ സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ പ്രചരണം മുൻനിർത്തി 'ഗോ ഇലക്ട്രിക്' എന്ന ലേബലിലാണ് ഡിസംബർ 1 മുതൽ 14 വരെ ഇ.എം.സി ഈ വർഷത്തെ ഊർജ സംരക്ഷണ പക്ഷാചരണം സംഘടിപ്പിക്കുന്നത്. പക്ഷാചരണ പരിപാടിയുടെ ഭാഗമായി സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമുള്ള ഊർജ സംരക്ഷണ അവാർഡ് ദാനം, ശിൽപ്പശാലകൾ, സെമിനാറുകൾ, റാലികൾ, ഒപ്പു ശേഖരണ ക്യാമ്പയിനുകൾമ മീഡിയ ക്യാമ്പയിനുകൾ, വിദ്യാർത്ഥികൾക്കായുള്ള ചിത്രരചന മത്സരം തുടങ്ങിയവയും സംഘടിപ്പിക്കും.

## താത്ക്കാലിക നിയമനം

ചാത്തന്നൂർ സർക്കാർ ഐ.ടി.ഐ ഡ്രൈവിംഗ് സ്കൂളിലേക്ക് ഡ്രൈവിംഗ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിക്കുന്നതിന് ഡിസംബർ ഒൻപതിന് ഐ.ടി.ഐയിൽ ഇന്റർവ്യൂ നടത്തും. യോഗ്യത പത്താം ക്ലാസ്, എൽ. എം. വി., ടൂ വീലർ വിത്ത് ഗിയർ ലൈസൻസും മൂന്നു വർഷത്തെ പ്രവൃത്തി പരിചയവും. ഹെവി ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്ക് മുൻഗണന.

# കംപ്രസറിലൂടെ ശരീരത്തിലേക്ക് കാറ്റ് കടത്തി വിട്ടു; കരൾ തകർന്ന് യുവാവ് മരിച്ചു

കോൽക്കത്ത: പശ്ചിമ ബംഗാളിലെ ഹൂഗ്ലിയിൽ സുഹൃത്ത് തമാശയായി കംപ്രസറിലൂടെ യുവാവിൻറെ ശരീരത്തിലേക്ക് കാറ്റ് അടിച്ചുകയറ്റി. ഗുരുതരാവസ്ഥയിലായ യുവാവ് ചികിത്സയിലിരിക്കെ മരിച്ചു. ഹൂഗ്ലി നോർത്ത് ബ്രൂക്ക് ചണമില്ലിലെ തൊഴിലാളിയായ റഹ്മത്ത് അലിയാണ് (23) മരിച്ചത്.

സഹപ്രവർത്തകനായ ഷഹ്സാദ് ഖാനാണ് റഹ്മത്ത് അലിയുടെ ശരീരത്തിലേക്ക് കാറ്റ് പമ്പ് ചെയ്തത്. നവംബർ 16 ന് ആയിരുന്നു സംഭവം. തമാശക്ക് ചെയ്തതാണെന്നാണ് പറയുന്നത്.

രാത്രി ഷിഫ്റ്റിൽ ജോലിക്കെത്തിയതായിരുന്നു റഹ്മത്ത് അലി. ഇയാളെ പിടികൂടി ഷഹ്സാദ് ഖാൻ മലദ്വാരത്തിലൂടെ കംപ്രസർ ഉപയോഗിച്ച് ശരീരത്തിലേക്ക് വായു പമ്പ് ചെയ്യുകയായിരുന്നു. റഹ്മത്ത് അലി പ്രതിരോധിച്ചെങ്കിലും ഷഹ്സാദ് വിടാൻ ഭാവമുണ്ടായിരുന്നില്ല. എന്നാൽ പെട്ടെന്ന് റഹ്മത്ത് അലി തളർന്നു വീണതോടെ അടുത്ത ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കാറ്റിൻറെ സമ്മർദത്തിൽ റഹ്മത്ത് അലിയുടെ കരൾ പൂർണമായും നശിച്ചു. ഗുരുതരാവസ്ഥയിലായ യുവാവിനെ ഹൂഗ്ലിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും രക്ഷിക്കാനായില്ല. എയർ പമ്പ് ഉപയോഗിച്ച് മില്ലിലെ ചണം വൃത്തിയാക്കുന്നയാളാണ് ഷഹ്സാദ്.

അലിയുടെ മരണത്തോടെ കുടുംബം ചണ മില്ല് ഉപരോധിച്ചു. നഷ്ടപരിഹാരം ആവശ്യപ്പെട്ടായിരുന്നു സമരം.

# ജിഎസ്ടി: ലേറ്റ്ഫീ ഇളവ് 30ന് അവസാനിക്കും

തിരുവനന്തപുരം : ചരക്ക് സേവന നികുതി വകുപ്പ് ആംനസ്റ്റി പദ്ധതി 2021 ലേക്ക് ഓപ്ഷൻ സമർപ്പിക്കുവാനുള്ള സമയ പരിധിയും ജിഎസ്ടി 3 ബി റിട്ടേണിലെ ലേറ്റ്ഫീ ഇളവും 30ന് അവസാനിക്കും.

ചരക്ക് സേവന നികുതി നിയമം നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന നികുതി നിയമങ്ങളായ കേരള മൂല്യവർദ്ധിത നികുതി, കേന്ദ്ര വില്പന നികുതി, കാർഷികാദായ നികുതി, പൊതു വില്പന നികുതി, ആഡംബര നികുതി, സർചാർജ് എന്നിവ പ്രകാരമുള്ള കുടിശികകൾ തീർക്കാനാണ് ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. പിഴയിലും പലിശയിലും 100 ശതമാനം ഇളവ് ലഭിക്കും. 2005 നു ശേഷമുള്ള കുടിശികക്ക് പിഴ മാത്രമേ ഒഴിവാക്കിയിട്ടുള്ളു. കുടിശിക ഒരുമിച്ച് അടയ്ക്കുന്നവർക്ക് നികുതി കുടിശികയുടെ 40 ശതമാനവും തവണകളായി അടയ്ക്കുന്നവർക്ക് 30 ശതമാനവും ഇളവ് ലഭിക്കും. കോടതികളിൽ വകുപ്പുതല അപ്പീൽ നൽകിയിട്ടുള്ള കേസുകൾക്കും ആംനസ്റ്റി ബാധകമാണ്. ആംനസ്റ്റി പദ്ധതി തിരഞ്ഞെടുക്കാത്ത വ്യാപാരികൾക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടി 30ന് ശേഷം പുനരാരംഭിക്കും.

കോവിഡ് പ്രതിസന്ധിയെ തുടർന്ന് 2017 ജൂലൈ മുതൽ 2021 ഏപ്രിൽ വരെ സമർപ്പിക്കാൻ കുടിശികയുള്ള ജിഎസ്ടി 3 ബി റിട്ടേണുകളിൽ പ്രഖ്യാപിച്ച ലെറ്റ്ഫീ ഇളവും 30ന് അവസാനിക്കും. 2017 മുതൽ ഏപ്രിൽ 2021 വരെയുള്ള കാലയളവിലേക്ക് സമർപ്പിക്കാനുള്ള റിട്ടേണുകൾക്കാണ് ലേറ്റ്ഫീ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഈ കാലയളവിൽ 'നിൽ' റിട്ടേൺ സമർപ്പിക്കേണ്ട നികുതിദായക്കർക്ക് ലേറ്റ് ഫീയായി പ്രതിമാസം പരമാവധി 500 രൂപയും, നികുതി ബാധ്യതയുള്ളവർക്ക് പ്രതിമാസ ലേറ്റ് ഫീ പരമാവധി 1,000 രൂപയായുമാണ് കുറച്ചിരിക്കുന്നത്. ലേറ്റ്ഫീ കുടിശിക മൂലം റിട്ടേൺ സമർപ്പിക്കാൻ കഴിയാതിരുന്ന വ്യാപാരികൾക്ക് ഇളവ് സഹായകരമായിരുന്നു.

## യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ രണ്ടിന്

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെഡിസ്ക്) യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ രണ്ടിനു മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സ്കൂൾ, കോളജ്, ഗവേഷണ തലങ്ങളിലുള്ള 13നും 35നും ഇടയിൽ പ്രായമുള്ള വിദ്യാർഥികൾക്കു നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമുള്ള സാങ്കേതിക, സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനു കെഡിസ്ക് ആവിഷ്കരിച്ച പരിപാടിയാണു യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം.

സംസ്ഥാന വികസനം മുൻനിർത്തിയുള്ള വ്യത്യസ്ത വികസന പ്രശ്നങ്ങളുടെ പരിഹാരങ്ങൾക്ക് ഊന്നൽ നൽകിയാണു യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം വിഭാവനം ചെയ്തിരിക്കുന്നത്.

# സ്കോളർഷിപ്പ് അപേക്ഷാ തീയതി നീട്ടി

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാനതലത്തിലെ വിവിധ സ്കോളർഷിപ്പുകൾക്ക് (202122) വിദ്യാർഥികൾ ഓൺലൈൻ വഴി അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 31 വരെ നീട്ടി.

രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 7 ആണ്.

സ്ഥാപനമേധാവിയുടെ പരിശോധനയ്ക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി ജനുവരി 15. അർഹരായ വിദ്യാർഥികൾക്ക് www.d-c-e-sc-ho-l-ar-sh-ip.k-er-a-l-a.gov.in മുഖേന അപേക്ഷിക്കാം.

സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ്, ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ്, സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്, ഹിന്ദി സ്കോളർഷിപ്പ്, സംസ്കൃത സ്കോളർഷിപ്പ്, മുസ്ലീം/ നാടാർ സ്കോളർഷിപ്പ് ഫോർ ഗേൾസ്, മ്യൂസിക് & ഫൈൻ ആർട്സ് സ്കോളർഷിപ്പ് എന്നിവയാണ് ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 9446096580, 9446780308, 04712306580.

## റിസർച്ച് അസിസ്റ്റന്റ് വാക്ക് ഇൻ ഇന്റർവ്യൂ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് തിരുവനന്തപുരം ഓഫീസിൽ നവംബർ രണ്ടിന് രാവിലെ 11 മണിക്ക് റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ കരാർ നിയമനം നടത്തുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദ വിവരങ്ങൾക്ക്: www.im-g.k-er-a-l-a.gov.in.

## ഫിഷറീസ് സർവകലാശാല സെനറ്റിലേക്കു തെരഞ്ഞെടുത്തു

കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലാ സെനറ്റിലേക്ക് നിയമസഭാ സാമാജികരിൽനിന്ന് എം.എൽ.എമാരായ ഒ.എസ്. അംബിക, പി.പി. ചിത്തരഞ്ജൻ, ഇ.ടി. ടൈസൺ മാസ്റ്റർ എന്നിവരെ തെരഞ്ഞെടുത്തു.

# മൊഫിയയുടെ ആത്മഹത്യ : സിഐയ്ക്ക് വീഴ്ചയെന്ന് എഫ്ഐആർ

കൊച്ചി: സ്ത്രീധന പീഡനത്തെ തുടർന്ന് നിയമ വിദ്യാർഥി മൊഫിയ പർവീൺ ആത്മഹത്യ ചെയ്ത സംഭവത്തിൽ ആലുവ സർക്കിൾ ഇൻസ്പെക്ടർ സുധീറിന് വീഴ്ച സംഭവിച്ചതായി എഫ്ഐആറിൽ പരാമർശം.

പരാതിയുമായി പൊലീസിനെ സമീപിച്ചപ്പോഴുണ്ടായ നിരാശയും നീതി ലഭിക്കില്ലെന്ന ചിന്തയുമാണ് മോഫിയയെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടതെന്ന് എഫ്ഐആറിൽ ചൂണ്ടിക്കാട്ടുന്നു. ആത്മഹത്യയെ കുറിച്ച് അന്വേഷിക്കുന്ന ആലുവ ഈസ്റ്റ് പൊലീസ് സംഘമാണ് പ്രാഥമിക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

മൊഫിയ ഭർത്താവായ മുഹമ്മദ് സുഹൈലിനെതിരെ പരാതി ആദ്യം നൽകിയത് ജില്ലാ പൊലീസ് മേധാവിക്കാണ്. ഇവിടെ നിന്നാണ് പരാതി ആലുവ ഈസ്റ്റ് പൊലീസ് സ്റ്റേഷനിലേയ്ക്ക് പ്രശ്ന പരിഹാരത്തിന് കൈമാറുന്നത്. ഇവിടെ നടന്ന ചർച്ചയ്ക്കിടെ പ്രകോപിതയായ മൊഫിയ ഭർത്താവ് സുഹൈലിന്റെ കരണത്ത് അടിച്ചതായും എഫ്ഐആറിൽ ചൂണ്ടിക്കാട്ടുന്നു. വിഷയത്തിൽ ഇടപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ സുധീർ, മൊഫിയയെ ശ്വാസിക്കുകയും മോശമായി സംസാരിക്കുകയും ചെയ്തു. ഇതോടെ തനിക്ക് പൊലീസിൽ നിന്ന് നീതി ലഭിക്കില്ലെന്ന ഉറപ്പിച്ച മൊഫിയ വീട്ടിലെ കിടപ്പ് മുറിയിൽ നവംബർ 22ന് തൂങ്ങി മരിക്കുകയായിരുന്നുവെന്നുമാണ് എഫ്ഐആറിൽ പരാമർശിക്കുന്നത്. നിലവിൽ സുധീർ സസ്പെൻഷനിലാണ്.

അതേ സമയം പ്രതികളുടെ ജാമ്യപേക്ഷയെ എതിർത്ത് ആലുവ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ഭർതൃവീട്ടിലെ പീഡനവും മൊഫിയയെ മരണത്തിലേയ്ക്ക് തള്ളിവിട്ടതായി ചൂണ്ടിക്കാണിക്കുന്നുണ്ട്. കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ടുവെന്നും വീട്ടിൽ ജോലിക്കാരിയോടെന്നപോലെ പെരുമാറിയെന്നും ശാരീരികവും മാനസികവുമായി പീഡിപ്പിച്ചുവെന്നും സത്യവാങ്മൂലത്തിൽ പറയുന്നുണ്ട്. മൊഫിയയുടെ മരണത്തിന് പിന്നാലെ അടുത്ത ബന്ധുക്കളുടെ മൊഴിയെടുത്തപ്പോഴാണ് സർക്കിൾ ഇൻസ്പെക്ടറിൽ നിന്ന് മോശം പെരുമാറ്റമുണ്ടായതായി കണ്ടെത്തിയതെന്നും തുടർ അന്വേഷണത്തിൽ സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടുവെന്ന് കണ്ടെത്തിയെന്നുമാണ് പൊലീസിന്റെ ഭാഗം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.